بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 7

ലക്കം 18

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മെയ് 05/ഹി.ശം. 1401 ഹിജ്റത്ത് 05/ഹിജ്റ 1443 ശവ്വാൽ 03

## അല്ലാഹുവിന്റെ വചനം

اَلَّذِيْنَ اٰتَيْنٰهُمُ الْكِتٰبَ يَتْلُوْنَهٗ حَقَّ تِلَاوَتِهٖ ؕ اُولٰٓئِكَ يُؤْمِنُوْنَ بِهٖ ؕ وَمَنْ يَّكْفُرْ بِهٖ فَاُولٰٓئِكَ هُمُ الْخٰسِرُوْنَ (سورة البقرة:122)

'നാം ഗ്രന്ഥം നല്കിയിട്ട് മുറ പ്രകാരം അതിനെ പാരായണം ചെയ്യുന്നവരാരോ അവർ അതിൽ വിശ്വസിക്കുന്നു. ആരെങ്കിലും അതിൽ അവിശ്വസിക്കുന്നുവെങ്കിൽ അവരത്രേ നഷ്ടകാരികൾ.' (2:122).

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### അത്താഴം കഴിക്കുന്നതിൽ അനുഗ്രഹം

(1923) ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം; നിങ്ങൾ അത്താഴം കഴിക്കുവിൻ. നിശ്ചയം അത്താഴത്തിൽ ബർക്കത്തുണ്ട്.

### മറന്നു ഭക്ഷിച്ചാൽ നോമ്പു മുറിയില്ല

(1933) അബൂഹുറയ്റ(റ) നിവേദനം; ഒരാൾ മറന്നു തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവന്റെ നോമ്പ് അവൻ പൂർത്തിയാക്കട്ടെ. അവനെ തീറ്റിക്കുകയും കുടിപ്പിക്കുകയും ചെയ്തത് അല്ലാഹുവാണ്.

### യാത്രയിൽ നോമ്പുനോക്കുന്നത് നന്മയല്ല

(1946) ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. നബി(സ)തിരുമേനി ഒരു യാത്രയിലായിരുന്നു. അപ്പോൾ ഒരു സ്ഥലത്ത് ജനങ്ങൾ കൂട്ടം കൂടി നില്ക്കുന്നതും ഒരാൾക്ക് തണലുണ്ടാക്കിക്കൊടുക്കന്നതും നബി(സ)തിരുമേനി കണ്ടു. ഇതെന്താണെന്ന് നബി(സ) തിരുമേനി ചോദിച്ചു: അവർ പറഞ്ഞു: അദ്ദേഹം നോമ്പനുഷ്ഠിച്ചവനാണ്. അവിടന്ന് പറഞ്ഞു: യാത്രയിൽ നോമ്പനുഷ്ഠിക്കൽ വലിയപുണ്യമൊന്നുമല്ല. *(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖാദിയാൻ)*

**സ്വന്തം ആത്മാവിനോടു ദയ കാണിക്കാതിരിക്കുക എന്നത് മനുഷ്യന് അനിവാര്യമാണ്. പ്രത്യുത തന്റെ ആത്മാവിൽ അല്ലാഹു ദയ കാണിക്കുന്നവരാകുക. കാരണം മനുഷ്യന്റെ ദയ അവന്റെ ആത്മാവിൽ അവന് നരകമാണ്. അല്ലാഹുവിന്റെ ദയ സ്വർഗമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ഇതൊരു അതിസൂക്ഷ്മമായ കാര്യമാണ്. ഏതെങ്കിലും വ്യക്തിക്ക്(തന്റെ ആത്മാവിന്റെ അലസതകൊണ്ട്)നോമ്പ് വിഷമമായി തോന്നുകയും താൻ രോഗിയാണെന്നും സമയത്തു ഭക്ഷണം കഴിച്ചില്ലെങ്കിൽ ഇന്നയിന്ന രോഗങ്ങൾ തനിക്കുണ്ടാകുമെന്നും ഇന്നതാകുമെന്നും ഇന്നതുണ്ടാകുമെന്നും ധരിക്കുകയും ചെയ്യുന്നുവെങ്കിൽ, അത്തരം വ്യക്തി അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വയമേവ വിഷമം പിടിച്ചതായി കരുതുന്നുവെങ്കിൽ എങ്ങനെ പ്രതിഫലത്തിന് അർഹനാകാനാണ്. അതേ! റമളാൻ വന്നുവെന്നതിൽ സന്തോഷിക്കുകയും അതുവരാനും അതിൽ നോമ്പു പിടിക്കാനും താൻ കാത്തിരിക്കുകയായിരുന്നുവെന്നു പറയുകയും ചെയ്ത ഒരാൾക്ക് പിന്നീട് രോഗിയായതുകൊണ്ട് നോമ്പ് പിടിക്കാൻ സാധിക്കാതെ വന്നാൽ അയാൾ ദൈവസന്നിധിയിൽ നോമ്പിൽനിന്ന് പിന്തള്ളപ്പെട്ടവനല്ല. ഈ ലോകത്ത് ധാരാളമാളുകൾ സൂത്രക്കാരാണ്. അവർ കരുതുന്നത് തങ്ങൾ ജനങ്ങളെ വഞ്ചിക്കുന്നതുപോലെ അല്ലാഹുവിനേയും വഞ്ചിക്കാമെന്നാണ്. സൂത്രക്കാരൻ താൻതന്നെ എല്ലാത്തിനും **മസ്അലകൾ**(ചിന്തിക്കേണ്ട വിഷയങ്ങൾ)ചോദിച്ചു നടക്കുന്നവനാണ്. ആചാരോപചാരങ്ങളുൾപ്പെടുത്തി ആ മസ്അലകളെ ശരിയാണെന്ന് തീരുമാനിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അതു ശരിയല്ല. ആചാരോപചാരങ്ങളുടെ വാതിൽ വളരെ വിശാലമാണ്. മനുഷ്യൻ ആഗ്രഹിക്കുകയാണെങ്കിൽ ആ ആചാരോപചാരങ്ങൾകൊണ്ട് ആയുസ്സുമുഴുവൻ ഇരുന്നുകൊണ്ടു നമസ്കരിക്കുന്നതായിരിക്കും. റമളാനിലെ നോമ്പ് അശേഷം പിടിക്കുകയുമില്ല. എന്നാൽ, അല്ലാഹു തന്റെ സത്യസന്ധതയും ആത്മാർഥതയുമുള്ളവന്റെ നിയ്യത്തും ഉദ്ദേശ്യവും അറിയുന്നവനാണ്. അവന്റെ ഹൃദയത്തിൽ വേദനയുണ്ടോ എന്ന് അല്ലാഹു അറിയുന്നു. അല്ലാഹു അവന് പ്രതിഫലം കൂടുതലാക്കി നൽകുന്നു. കാരണം വേദനിക്കുന്ന ഹൃദയം ഒരു അമൂല്യ വസ്തുവാണ്. തന്ത്രങ്ങൾ, അതിന്റെ വ്യാഖ്യാനങ്ങളുടെ തലയിണയിലാണ് മനുഷ്യൻ ചാരി ഇരിക്കന്നത്. പക്ഷേ, അല്ലാഹുവിന്റെ പക്കൽ ഈ തലയിണ ഒരു വസ്തുവുമല്ല. ഞാൻ 6 മാസം നോമ്പുനോറ്റപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു സംഘത്തെ എനിക്ക്(ജാഗ്രദർശനത്തിൽ)കിട്ടി. അവർ ചോദിച്ചു, നീ എന്തിനാണ് നിന്റെ ആത്മാവിനെ ഇത്രമാത്രം ബുദ്ധിമുട്ടിലിട്ടിരിക്കുന്നത്, ഇതിൽനിന്ന് പുറത്തുവരിക!ഇപ്രകാരം മനുഷ്യൻ തന്നത്താൻ അല്ലാഹുവിനുവേണ്ടി ബുദ്ധിമുട്ടിൽ അകപ്പെടുത്തുമ്പോൾ മാതാപിതാക്കളെപോലെ കരുണ കാണിച്ച് എന്തിനാണ് നീ ബുദ്ധിമുട്ടിൽ കിടക്കുന്നതെന്ന് അവൻ സ്വയം ചോദിക്കുന്നു!

### അല്ലാഹുവിന്റെ ദയ

ഈയാളുകളാണ് ആചാരോപചാരങ്ങൾകൊണ്ട് തങ്ങളെ ബുദ്ധിമുട്ടിൽനിന്ന് മാറ്റി നിറുത്തുന്നത്. അതുകൊണ്ട് അല്ലാഹു അവരെ വേറെ ബുദ്ധിമുട്ടുകളിൽ ഇടുന്നു. പുറത്തെടുക്കുന്നില്ല. രണ്ടാമത്തേത് സ്വയംബുദ്ധിമുട്ടുകളിൽ വീഴുന്നവരെ അവൻതന്നെ പുറത്തെടുക്കുന്നു എന്നതാണ്. സ്വന്തം ആത്മാവിനോടു ദയ കാണിക്കാതിരിക്കുക എന്നത് മനുഷ്യന് അനിവാര്യമാണ്. പ്രത്യുത തന്റെ ആത്മാവിൽ അല്ലാഹു ദയ കാണിക്കുന്നവരാകുക. കാരണം മനുഷ്യന്റെ ദയ അവന്റെ ആത്മാവിൽ അവന് നരകമാണ്. അല്ലാഹുവിന്റെ ദയ സ്വർഗമാണ്. ഇബ്റാഹീമിന്റെ സംഭവകഥയിൽ ചിന്തിക്കുക. അഗ്നിയിൽ വീഴാനാഗ്രഹിക്കുന്നവനെ അല്ലാഹു അതിൽനിന്ന് രക്ഷിക്കുന്നു. ആരാണോ സ്വയം അഗ്നിയിൽനിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നത് അവൻ അഗ്നിയിൽ ഇടപ്പെടുന്നു.' *(മൽഫൂദാത്ത് വാല്യം 2 പേജ് 564, പ്രസാധനം 2003 ഖാദിയാൻ)*

**നോമ്പുകളുടെ ഫലമായി അല്ലാഹു തന്റെ ഇൽഹാംകൊണ്ട് അനുഗ്രഹിക്കുന്നു. അവരിൽ സത്യമായ സ്വപ്നങ്ങളുടേയും ശരിയായ കശ്ഫുകളുടേയും വാതിൽ തുറക്കപ്പെടുന്നു. അദൃശ്യമായ രഹസ്യങ്ങളെ കുറിച്ച് അറിയിക്കുന്നു.**

ആത്മീയമായ നിലയിൽ നോമ്പിന് ഈ ഒരു ഗുണവുമുണ്ട്, അതിന്റെ ഫലമായി അല്ലാഹുവിന്റെ ഇൽഹാം മനുഷ്യന്റെ ഹൃദയത്തിൽ ഇറങ്ങുന്നു. അവന്റെ കശ്ഫീ(ജാഗ്രപരമായ)ദൃഷ്ടിയിൽ കൂടുതൽ ഓജസ്സും പ്രകാശവുമുണ്ടാകുന്നു. വാസ്തവത്തിൽ അല്ലാഹുവിന് ഒരു ശീലവുമില്ലെന്നും എന്നാൽ, അതിൽ ഒരു സാദൃശ്യം തീർച്ചയായുമുണ്ടെന്നും ചിന്തിച്ചുനോക്കുകയാണെങ്കിൽ അറിയാൻ കഴിയും. മനുഷ്യനെപോലെ അവന് കണ്ണുകളില്ല. എന്നാൽ, അവൻ തീർച്ചയായും കാണുന്നവനാണ്. അവന് ചെവികളില്ല. എന്നാൽ, തീർച്ചയായും അവൻ കേൾക്കുന്നവനാണ്. ഇപ്രകാരംതന്നെ അവനിൽ ശീലിച്ചപ്രവൃത്തിയൊന്നുമില്ല. എന്നാൽ, അവനൊരു പ്രവൃത്തി ചെയ്യുമ്പോൾ അതാവർത്തിക്കുന്നുവെന്ന കാര്യം അവനിൽ കാണാം. മനുഷ്യനിലും ഇക്കാര്യം കാണാവുന്നതാണ്. ചില യാളുകൾക്ക് കൈയോ കാലോ ഇളക്കുന്ന ശീലമുണ്ടാകും. അവരതിനെ ആവർത്തിച്ച് ഇളക്കിക്കൊണ്ടിരിക്കും. ഏതെങ്കിലും കാര്യം ആവർത്തിച്ചു ചെയ്തുകൊണ്ടിരിക്കുന്നതിനെയാണ് ആദത്ത് അഥവാ ശീലമെന്നു പറയുന്നത്. ഇക്കാര്യം അല്ലാഹുവിലുമുണ്ട്. അവനേതെങ്കിലും പ്രത്യേക അവസരത്തിൽ തന്റെ കൃപാതിരേകം ഇറക്കുമ്പൾ ആ അവസരത്തിൽ ആവർത്തിച്ച് അനുഗ്രഹം ചൊരിയുന്നു. അല്ലാഹുവിന്റെ ഈ സ്വിഫത്തിന് വിധേയമായി- വിശുദ്ധ ഖുർആൻ റമളാൻ മാസത്തിലിറങ്ങിയതാണല്ലോ- വിശുദ്ധഖുർആനിറങ്ങിയ ആ റസൂലിനെ അനുധാവനം ചെയ്യുക. അപ്പോൾ അല്ലാഹുവിന്റെ ശീലപ്രവൃത്തിയിൽനിന്ന് സാദൃശ്യമുൾക്കൊള്ളുന്ന സ്വിഫത്തനുസരിച്ച് നബി(സ)തിരുമേനിയെ പിൻപറ്റിയ കാരണത്താൽ ഭൗതിക ലോകത്തുനിന്ന് വേറിട്ട ജീവിതം സ്വീകരിക്കുകയും ലോകത്തു താമസിച്ചുകൊണ്ടുതന്നെ അതുമായി ബന്ധങ്ങൾ പുലർത്താതിരിക്കുകയും അശനപാനീയങ്ങളിലും ഉറക്കത്തിലും കുറവുവരുത്തുകയും വ്യർഥമായ സംസാരങ്ങളിൽനിന്നുംമറ്റും പഥ്യം സ്വീകരിക്കുകയും ചെയ്യുന്നവരെ അല്ലാഹു തന്റെ ഇൽഹാംകൊണ്ട് അനുഗ്രഹിക്കുന്നു. അവരിൽ സത്യമായ സ്വപ്നങ്ങളുടേയും ശരിയായ കശ്ഫുകളുടേയും വാതിൽ

ശേഷം പേജ് 12 ൽ

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
01 ഏപ്രിൽ 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
യൂറോപ്പ് പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)പറയുന്നു: നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഞങ്ങൾ ഒരു സ്ഥലത്തെത്തി നിന്നു. അല്ലാഹു ഞങ്ങൾക്കുമേൽ ഹദ്റത്ത് അബൂബക്റിന്റെ രൂപത്തിൽ ഔദാര്യം ചെയ്തില്ലായിരുന്നുവെങ്കിൽ ഞങ്ങൾ നശിപ്പിക്കപ്പെടുമായിരുന്നു.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഏറെക്കുറെ എല്ലാ അറബികളും മുർത്തദ്ദാവുകയുണ്ടായി. ചിലയാളുകൾ പൂർണമായും ഇസ്‌ലാമിൽനിന്ന് അകലം പാലിച്ചു. മറ്റു ചിലർ സക്കാത്ത് കൊടുക്കുന്നത് നിഷേധിച്ചു. അപ്പോൾ ഹദ്റത്ത് അബുബക്ർ(റ) ഇവർക്കെല്ലാം എതിരിൽ യുദ്ധം ചെയ്തു. ചരിത്രഗ്രന്ഥങ്ങളിലും ജീവചരിത്രങ്ങളിലും ഇങ്ങനെയുള്ള എല്ലാ ആളുകളെയും 'മുർത്തദ്ദ്' എന്നാണ് പറഞ്ഞിട്ടുള്ളത്. അതു കൊണ്ടുതന്നെ പിന്നീട് വന്ന ചരിത്രകാരന്മാർക്കും പണ്ഡിതന്മാർക്കും തെറ്റു പറ്റുകയും അവർക്ക് തെറ്റായ അധ്യാപനത്തിന് അത് നിമിത്തമാവുകയും ചെയ്തു. അതായത് മുർത്തദ്ദിനുള്ള ശിക്ഷ വധമാണത്രെ! അതുകൊണ്ടാണ് ഹദ്റത്ത് അബൂബക്ർ(റ) എല്ലാ മൂർത്തദ്ദീങ്ങൾക്കുമെതിരിൽ ജിഹാദ് വിളംബരപ്പെടുത്തിയതത്രെ! രണ്ടാമത് ഇസ്‌ലാംമതം സ്വീകരിക്കാൻ തയ്യാറാകാത്ത എല്ലാ ആളുകളെയും വധിച്ചതത്രെ!

---

**റിട്ടയേർഡ് മുറബ്ബിയായ മുഹമ്മദ് ബശീർ ശാദ് സാഹിബ്, റാണാ മുഹമ്മദ് സിദ്ദീഖ് സാഹിബ്, ഇസ്‌ലാമാബാദിലെ ഡോക്ടർ മഹ്മൂദ് അഹ്മദ് ഖ്വാജാ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2022 ഏപ്രിൽ 01/1401 ശഹാദത്ത് 01, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ايده الله تعالى بنصره العزيز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിലെ ഫിത്നകളെ കുറിച്ചാണ് പറഞ്ഞു വന്നത്. ഇത് സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ 'സിർറുൽ ഖിലാഫ'യിൽ വിവരിക്കുന്നു: 'ഇബ്നു ഖൽദൂൻ എഴുതുന്നു: അറേബ്യയിലെ സാധാരണക്കാരും പ്രധാനികളുമെല്ലാം മുർത്തദ്ദായിപ്പോയി. ബനു ത്വയ്യും ബനു അസദും ത്വുലയ്ഹായുടെ കൈകളിൽ കൂടിച്ചേർന്നു. ഗത്ഫാൻ ഗോത്രവും ഹവാസിൻ ഗോത്രവും മുർത്തദ്ദായി. അവർ സക്കാത്ത് കൊടുക്കുന്നത് തടഞ്ഞു. കൂടാതെ ബനു സുലയ്മിന്റെ നേതാവും മുർത്തദ്ദായി. ബാക്കിയുള്ള ആളുകളുടെയും അവസ്ഥ ഇതു തന്നെയായിരുന്നു.' ഇബ്നു അഥീർ തന്റെ ചരിത്രഗ്രന്ഥത്തിൽ എഴുതുന്നു: 'അറബികൾ മുർത്തദ്ദായി അതായത് മത പരിത്യാഗികളായി. എല്ലാ ഗോത്രത്തിലെയും സാധാരണക്കാരുടെയും പ്രമുഖരുടെയും കാപട്യം വെളിപ്പെട്ടു. യഹൂദികളും ക്രിസ്ത്യാനികളും തങ്ങളുടെ(ഗർവിഷ്ഠമായ) കഴുത്തുകൾ നീട്ടി നോക്കാൻ തുടങ്ങി. മുസ്‌ലിമീങ്ങൾ തങ്ങളുടെ പ്രവാചകന്റെ മരണകാരണംകൊണ്ടും തങ്ങളുടെ അംഗബലത്തിന്റെ കുറവും ശത്രുക്കളുടെ ആധിക്യംകൊണ്ടും അവരുടെ അവസ്ഥ മഴയുള്ള രാത്രിയിലെ ആടുമാടുകളുടേതു പോലെയായി. അതായത് ഭയപ്പെട്ട് ഒരുമിച്ചുകൂടി. അപ്പോൾ ജനങ്ങൾ തങ്ങൾ അഭയ സങ്കേതം അന്വേഷിക്കുക യായിരുന്നു. അവർ അബുബക്റിനോട് പറഞ്ഞു: 'ആളുകൾ ഉസാമയുടെ സൈന്യത്തെ മാത്രമേ മുസ്‌ലിം സൈന്യമായി കരുതുന്നുള്ളു. അങ്ങു കാണുന്നതുപോലെ അറബികൾ കലാപം തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അങ്ങ് മുസ്‌ലിംമീങ്ങളുടെ ഈ സൈന്യത്തെ തന്നിൽനിന്ന് അകറ്റി നിറുത്തുന്നത് ഗുണകരമല്ല.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'എന്റെ ജീവൻ ആരുടെ കൈയിലാണോ ഇരിക്കുന്നത് അവനാണ! വന്യമൃഗങ്ങൾ എന്നെ റാഞ്ചിക്കൊണ്ടുപോകുമെന്ന് എനിക്ക് ഉറപ്പായാൽ പോലും നബി(സ)തിരുമേനിയുടെ ആജ്ഞ പ്രകാരം ഉസാമയുടെ സൈന്യത്തെ ഞാൻ അയക്കുക തന്നെ ചെയ്യും. നബി(സ)തിരുമേനി എടുത്ത തീരുമാനത്തെ ഞാൻ ഇല്ലാതാക്കുന്നതല്ല.' അബ്ദുല്ലാഹ് ബിൻ മസ്ഊദ് പറയുന്നു: അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനെ ഉദ്ധരിച്ചുകൊണ്ടു പറയുന്നു: 'അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഞങ്ങൾ ഒരു സ്ഥലത്തെത്തി നിന്നു. അല്ലാഹു ഞങ്ങൾക്കുമേൽ ഹദ്റത്ത് അബൂബക്റിന്റെ രൂപത്തിൽ ഔദാര്യം ചെയ്തില്ലായിരുന്നുവെങ്കിൽ ഞങ്ങൾ നശിപ്പിക്കപ്പെടുമായിരുന്നു. അദ്ദേഹം ഞങ്ങളെ ഒരുമിച്ചുകൂട്ടിയത് ഞങ്ങൾ 'ബിൻത് മഖാള്' (ഒരുവയസുള്ള പെൺ ഒട്ടകം)ന്റേയും ബിൻത് ലബൂൺ(രണ്ടുവയസുള്ള പെൺ ഒട്ടകം)ന്റേയും സക്കാത്തിനുവേണ്ടി യുദ്ധം ചെയ്യാനാണ്. മാത്രമല്ല നമ്മുടെ അറേബ്യൻ നാടുകളെ ഭക്ഷണമാക്കുന്നതിനു മുമ്പേ യുദ്ധം ചെയ്യാനാണ്. നമുക്കു മരണം ഉണ്ടാകുന്നതുവരെ നമ്മൾ അല്ലാഹുവിനെ ആരാധിച്ചുകൊണ്ടേ പോകാനാണ്. *(സിർറുൽഖിലാഫ ഉർദു തർജമ പേജ് 188-189 അടിക്കുറിപ്പ്, നളാറത്ത് ഇശാഅത്ത്)*

ഈ നടന്നു വരുന്ന ചർച്ചയിൽ ചില തെറ്റുധാരണകളും ഉടലെടുത്തേക്കാവുന്നതാണ്. മാത്രമല്ല ഇസ്‌ലാമിൽ മുർത്തദ്ദിനുള്ള ശിക്ഷ വധമാണോ എന്നും ഒരു ചോദ്യം ഉയർന്നേക്കാവുന്നതാണ്. ഇത് സംബന്ധിച്ച് ചുരുക്കി വിവരിക്കാം.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഏറെക്കുറെ എല്ലാ അറബികളും മുർത്തദ്ദാവുകയുണ്ടായി. ചിലയാളുകൾ പൂർണമായും ഇസ്‌ലാമിൽനിന്ന് അകലം പാലിച്ചു. മറ്റു ചിലർ സക്കാത്ത് കൊടുക്കുന്നത് നിഷേധിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ഇവർക്കെല്ലാം എതിരിൽ യുദ്ധം ചെയ്തു. ചരിത്രഗ്രന്ഥങ്ങളിലും ജീവചരിത്രങ്ങളിലും ഇങ്ങനെയുള്ള എല്ലാ ആളുകളെയും 'മുർത്തദ്ദ്' എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ടുതന്നെ പിന്നീട് വന്ന ചരിത്രകാരന്മാർക്കും പണ്ഡിതന്മാർക്കും തെറ്റു പറ്റുകയും അവർക്ക് തെറ്റായ അധ്യാപനത്തിന് അത് നിമിത്തമാവുകയും ചെയ്തു. അതായത് മുർത്തദ്ദിനുള്ള ശിക്ഷ വധമാണത്രെ! അതുകൊണ്ടാണ് ഹദ്റത്ത് അബൂബക്ർ(റ)എല്ലാ

മൂർത്തദ്ദീങ്ങൾക്കുമെതിരിൽ ജിഹാദ് വിളംബരപ്പെടുത്തിയതത്രെ! രണ്ടാമത് ഇസ്‌ലാം മതം സ്വീകരിക്കാൻ തയ്യാറാകാത്ത എല്ലാ ആളുകളെയും വധിച്ചതത്രെ! ഇങ്ങനെ ചരിത്രകാരന്മാരും ജീവചരിത്ര എഴുത്തുകാരും ഹദ്റത്ത് അബൂബക്റിനെ ഖത്തമുന്നുബുവ്വത്ത് വിശ്വാസത്തിന്റെ സംരക്ഷകനും അതിന്റെ ഹീറോയുമായി ചിത്രീകരിക്കുന്നു. വാസ്തവത്തിൽ ഖിലാഫത്ത് റാശിദയുടെ കാലഘട്ടത്തിൽ ഖത്തമുന്നുബുവ്വത്തിന്റേയും ഖത്തമുന്നുബുവ്വത്ത് വിശ്വാസത്തിന്റേയും അത്തരത്തിലുള്ള സംരക്ഷണത്തെ സംബന്ധിച്ച് ചിന്തയോ വീക്ഷണമോ ഇല്ലായിരുന്നു. അത്തരം ആളുകൾക്കെതിരിൽ വാളെടുത്തത് ഖത്തമുന്നുബുവ്വത്തിനു ഏതെങ്കിലും അപകടമുണ്ടെന്ന് കരുതികൊണ്ടായിരുന്നില്ല. മാത്രമല്ല മതനിരാസത്തിനുള്ള ശിക്ഷ വധമാണെന്ന് കരുതിക്കൊണ്ടുമല്ല അവരെ വധിച്ചത്. അതിന്റെ വിശദീകരണം ഞാൻ നൽകുന്നതാണ്. അവർക്കെതിരിൽ എന്തുകൊണ്ടാണ് യുദ്ധപ്രഖ്യാപനം ഉണ്ടായതെന്ന് വിവരിക്കുന്നതാണ്. അതിനു മുമ്പേ വിശുദ്ധ ഖുർആനോ നബി(സ)തിരുമേനിയോ മുർത്തദ്ദിനു വധശിക്ഷ വിധിച്ചിട്ടുണ്ടോ എന്നും അതല്ല മറ്റേതെങ്കിലും ശിക്ഷയാണോ പറഞ്ഞതെന്നും വിവരിക്കേണ്ടത് അനിവാര്യമാണ്.

ഇസ്‌ലാമിക സാങ്കേതിക പദപ്രയോഗത്തിൽ 'മുർത്തദ്' എന്ന് പറയപ്പെടുന്നത് ഇസ്‌ലാം മതത്തിൽ നിന്ന് വ്യതിചലിക്കുന്നവനെയാണ്. അതായത് ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്ത് പോകുന്നവൻ. നമ്മൾ വിശുദ്ധ ഖുർആനിൽ നോക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും, അല്ലാഹു നിരവധി സ്ഥലങ്ങളിൽ 'മുർത്തദ്' ആകുന്നതിനെ സംബനധിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ടെങ്കിലും അവർക്ക് വധശിക്ഷയോ മറ്റേതെങ്കിലും രീതിയിലുള്ള ഭൗതിക ശിക്ഷയോ പരാമർശിച്ചിട്ടില്ല. ഏതാനും ചില ആയത്തുകൾ ഉദാഹരണം എന്നോണം സമർപ്പിക്കാം. ആദ്യത്തെ ആയത്ത് ഇങ്ങനെയാണ്. **വമൻയ്യർത്തദിദ് മിൻകും അൻ ദീനിഹീ ഫയമുത്ത് വഹുവ കാഫിറുൻ ഫഉലാഇക്ക ഹബിത്വത്ത് അഅ്മാലുഹും ഫിദ്ദുൻയാ വൽആഖിറത്തി വ ഉലാഇക്ക അസ്ഹാബുന്നാരി ഹും ഫീഹാ ഖാലിദൂൻ** (2:218) നിങ്ങളിൽപ്പെട്ട ആരെങ്കിലും തന്റെ മതത്തിൽനിന്ന് പിന്തിരിഞ്ഞുപോകുകയും അങ്ങനെ അയാൾ അവിശ്വാസിയായുംകൊണ്ട് മരിക്കുകയും ചെയ്യുന്നതായാൽ, അത്തരക്കാരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിപ്പോകുന്നതാണ്. അവർ നരകാവകാശികളാകുന്നു;അവരതിൽ(ദീർഘകാലം) വസിക്കുന്നവരായിരിക്കും.

ഈ ആയത്തിൽ വിവരിക്കപ്പെട്ടിട്ടുളളത്, 'നിങ്ങളിൽനിന്ന് ആരെങ്കിലും 'മുർത്തദ്' ആവുകയോ അതോ കുഫ്റിന്റെ അവസ്ഥയിൽ മരണപ്പെടുകയോ ചെയ്താൽ' എന്ന് പറഞ്ഞതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് മുർത്തദ്ദിനുള്ള ശിക്ഷ വധമല്ല എന്നാണ്. കാരണം അയാൾക്കുള്ള ശിക്ഷ വധമാണെങ്കിൽ അത്തരം 'മുർത്തദ്' അഥവാ മതപരിത്യാഗി അവസാനം നിഷേധിയായ അവസ്ഥയിൽ മരണപ്പെട്ടാലെന്ന് പറയില്ലായിരുന്നു.

മറ്റൊരു സ്ഥലത്ത് പറഞ്ഞു: **യാ അയ്യുഹല്ലദീന ആമനൂ മൻയ്യർത്തദ്ദ മിൻകും അൻ ദീനിഹീ ഫസൗഫ യഅ്തില്ലാഹു ബി ഖൗമിൻയ്യുഹിബ്ബുഹും വ യുഹിബ്ബൂനഹൂ അദില്ലത്തിൻ അലൽമുഅ്മിനീന അയിസ്സത്തിൻ അലൽ കാഫിരീന യുജാഹിദൂന ഫീ സബീലില്ലാഹി വലാ യഖാഫൂന ലൗമത്ത ലാഇമിൻ, ദാലിക്ക ഫളലുല്ലാഹി യുഅ്ത്തീഹി മൻയ്യശാഉ വല്ലാഹു വാസിഉൻ അലീം** (5:55)

വിശ്വസിച്ചവരേ! നിങ്ങളിൽനിന്ന് ആരെങ്കിലും തന്റെ മതംവിട്ട് പുറത്തുപോകുന്നതായാൽ അല്ലാഹു(മറ്റു)ഒരു ജനതയെ പകരം കൊണ്ടുവരുന്നതാണ്. അവൻ അവരെ സ്നേഹിക്കും; അവർ അവനേയും സ്നേഹിക്കും. അവർ സത്യവിശ്വാസികളുടെ നേരെ വിനയവും കാരുണ്യവുമുളളവരും അവിശ്വാസികൾക്കെതിരിൽ ദൃഢചിത്തരുമായിരിക്കും; അവർ അല്ലാഹുവിന്റെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യും; ഒരു ആക്ഷേപകന്റേയും ആക്ഷേപത്തെ അവർ ഭയപ്പെടുകയില്ല. ഇതു അല്ലിലീഹുവിന്റെ അനുഗ്രഹമാണ്. താൻ ഇച്ഛിക്കുന്നവർക്ക് അവൻ അതു നല്കുന്നു. അല്ലാഹു ഔദാര്യത്തിൽ വിശാലതയുളളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു.

ഇവിടേയും മതപരിത്യാഗികളെ പരാമർശിച്ചുകൊണ്ട് വിശ്വാസികൾക്ക് ഇങ്ങനെ സുവാർത്ത നൽകിയിരിക്കുന്നു, അത്തരമാളുകൾക്കുപകരം അല്ലാഹു സമുദായങ്ങളെത്തന്നെ നൽകുന്നതാണ്. പക്ഷേ, എവിടെയുംതന്നെ മതപരിത്യാഗികളാകുന്ന ആളുകളെ കൊല്ലണമെന്നോ ഇന്ന ഇന്ന ശിക്ഷ നല്കണമെന്നോ പരാമർശിച്ചിട്ടില്ല.

ഇനി മറ്റൊരു ആയത്തിൽ എല്ലാതരം സംശയങ്ങളേയും പ്രശനങ്ങളേയും ഇല്ലാതാക്കിയിരിക്കുന്നു. അത് സൂറ നിസാഇലെ ഈ ആയത്ത് ആകുന്നു: **ഇന്നല്ലദീന ആമനൂ ഥുമ്മ കഫറൂ ഥുമ്മ ആമനൂ ഥുമ്മ കഫറൂ ഥുമ്മസ്ദാദു കുഫറൻ ല്ലംയകുനില്ലാഹു ലിയഗ്ഫിറലഹും വലാ ലിയഹ്ദിയഹും സബീലൻ**(4:138) വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർധിക്കുകയും ചെയ്തവരാരോ, അല്ലാഹു അവർക്കൊരിക്കലും പൊറുത്തുകൊടുക്കുകയില്ല; അവർക്ക് അവൻ (മോക്ഷ) മാർഗം കാണിച്ചുകൊടുക്കുകയുമില്ല.

ചുരുക്കത്തിൽ 'മുർത്തദ്ദിനുള്ള' ശിക്ഷ വധമല്ല എന്ന് വളരെ വ്യക്തമായി നിഷേധ ഭാവത്തിൽ പറഞ്ഞിരിക്കുന്നു. ഇതുതന്നെയാണ് നമ്മുടെ സാഹിത്യങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളതും. വ്യാഖ്യാതാക്കളും ഇത് വിശദീകരിച്ചിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ തർജുമത്തുൽ ഖുർആനിൽ ഇതിന് കുറച്ചു വിശദീകരണം ഇങ്ങനെ നൽകിയിരിക്കുന്നു: 'ഈ ആയത്ത് മുർത്തദ്ദിനുള്ള ശിക്ഷ വധമാണെന്നതിനെ നിരാകരിക്കുന്നു. പറയുന്നു: ആരെങ്കിലും മുർത്തദ്ദാകുകയും പിന്നീട് വിശ്വസിക്കുകയും വീണ്ടും മുർത്തദ്ദാകുകയും വീണ്ടും വിശ്വസിക്കുകയും ചെയ്താൽ അതെ കുറിച്ചുള്ള തീരുമാനം അല്ലാഹുവിന്റെ ചുമതലയിലാകുന്നു. ആരെങ്കിലും നിഷേധത്തിന്റെ അവസ്ഥയിൽ മരണപ്പെടുകയാണെങ്കിൽ തീർച്ചയായും അവൻ നരകത്തിലായിരിക്കും. മുർത്തദ്ദിനുള്ള ശിക്ഷ വധമായിരുന്നുവെങ്കിൽ അവൻ കൂടെക്കൂടെ വിശ്വസിക്കാനും നിഷേധിക്കാനുമുള്ള പ്രശ്നംതന്നെ ഉദിക്കുമായിരുന്നില്ല.' *(ഖുർആനെകരീം ഉർദു തർജമ, ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) പേജ് 158, അടിക്കുറിപ്പ്)*

ഇതിനു പുറമേ വേറെയും കുറച്ചു ആയത്തുകൾ വിശുദ്ധ ഖുർആനിലുണ്ട്. അവയും പൊതുവായ നിലയിൽ മുർത്തദ്ദിനെ വധിക്കണമെന്നുള്ളതിനെ നിഷേധിക്കുന്നു. അല്ലാഹു പറയുന്നു:

**വഖുലിൽഹഖ്ഖു മിൻർറബ്ബിക്കും ഫമൻ ശാഅ ഫൽയുഅ്മിൻ വമൻ ശാഅ ഫൽയക്ഫുർ. ഇന്നാ അഅ്ത്തദ്നാ ലില്ളാലിമീന നാറൻ അഹാത്വബിഹിം സുറാദിഖുഹാ വയിൻയ്യസ്തഗീഥൂ യാഗാഥൂ ബിമാഇൻ കൽമുഹ്‌ലി യശ്‌വിൽവുജൂഹ ബിഅ്സശ്ശറാബു വ സാഅത്ത് മുർത്തഫഖാ** (18:30) പറയുക: 'ഇതു നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ.' തീർച്ചയായും നാം അക്രമികൾക്ക് ഒരു തീ ഒരുക്കിവെച്ചിട്ടുണ്ട്. അതിന്റെ മേക്കട്ടി അവരെ വലയം ചെയ്തിരിക്കുന്നു. അവർ സഹായം തേടുന്നതായാൽ ഉരുകിയ ലോഹംപോലെയുള്ള ജലംകൊണ്ട് അവർക്ക് സഹായം നല്കപ്പെടും. അതു മുഖത്തെ കരിച്ചുകളയും. അത് എത്രയും ചീത്ത പാനീയം!എത്രയും ചീത്ത വിശ്രമസ്ഥാനവും!

മതത്തിൽ ഒരുവിധത്തിലുമുള്ള ബലാൽക്കാരവുമില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടു പറയുന്നു:

**ഖദ്ത്തബയ്യനർറുശ്ദു മിനൽഗയ്യി. ഫമൻയ്യക്ഫുറുബിത്ത്വാഗൂത്തി വ യുഅ്മിൻ ബില്ലാഹി ഫഖദിസ്തംസക്ക ബിൽഉർവത്തിൽവുഥ്ഖാ ലൻഫിസാമ ലഹാ വല്ലാഹു സമീഉൻ അലീം**(2:257) തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽനിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുഃശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുളള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത് (എന്ന് ധരിച്ചുകൊള്ളുക). അതൊരിക്കലും മുറിഞ്ഞുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു.

വിശുദ്ധ ഖുർആനിൽനിന്ന് ഉദാഹരണമെന്നോണം സമർപ്പിച്ച ആയത്തുകളിൽ മതത്തിന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള ബലാൽക്കാരം ചെയ്യുന്നതും ശിക്ഷനല്കുന്നതും പാടില്ലെന്നാണ് പറയുന്നത്! മുർത്തദ്ദായി പോകുന്നവരെ പരാമർശിച്ചുകൊണ്ട് അവർക്ക് ഒരു തരത്തിലുള്ള ശിക്ഷയെ പറ്റിയും പരാമർശിക്കാതെ നമുക്ക് നൽകിയ മാർഗ്ഗദർശനം എന്തെന്നാൽ, മുർത്തദ്ദായിപ്പോകുന്നവർക്ക് ഇസ്‌ലാമിക ശരീഅത്ത് ഏതെങ്കിലും ശാരീരികമോ ഭൗതികമോ ആയ ശിക്ഷ നിർണ

യിക്കുന്നില്ലെന്നാണ്.

ഈ വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തെയും വീക്ഷണത്തെയും പിന്തുണച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി കപടവിശ്വാസികളെ സംബന്ധിച്ചുള്ള പരാമർശമുണ്ട്. മാത്രമല്ല കപടവിശ്വാസികളുടെ തിന്മകളെ വളരെ ശക്തമായി വിവരിച്ചിട്ടുമുണ്ട്. എത്രത്തോളമെന്നാൽ നിഷേധികളായ ആളുകളുടെ തിന്മകളെപ്പറ്റി ഇങ്ങനെ പരാമർശിച്ചിട്ടില്ല. ഇത്തരമാളുകളെ ധിക്കാരികളെന്നും നിഷേധികളെന്നും പറഞ്ഞിട്ടുണ്ട്. അവരെക്കുറിച്ച് മുസ്‌ലിമായതിനുശേഷം നിഷേധം അവലംബിച്ചവരെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ, ഒരു കപടവിശ്വാസിക്കും ഒരു വിധത്തിലുള്ള ശിക്ഷയും പറഞ്ഞിട്ടില്ല. മാത്രമല്ല ഏതെങ്കിലും കപടവിശ്വാസിക്ക് അയാളുടെ കാപട്യത്തിന് പകരമായി ഒരുവിധ ശിക്ഷയും നൽകിയിട്ടില്ലെന്നതിന് ഇസ്‌ലാമിക ചരിത്രം സാക്ഷിയാണ്. കപടവിശ്വാസിളെ കുറിച്ച് പരാമർശിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു: **ഖുൽ അൻഫിഖൂ ത്വൗഅൻ ഔ കർഹൻ ലൻയ്യുത്തഖബ്ബല മിൻകും ഇന്നക്കും കുൻതും ഖൗമൻ ഫാസിഖീൻ. വമാ മനഅഹും അൻതുഖ്ബല മിൻഹും നഫഖാത്തുഹും ഇല്ലാ അന്നഹും കഫറൂ ബില്ലാഹി വ ബിറസൂലിഹീ വലാ യഅ്ത്തൂനസ്സ്വലാത്ത ഇല്ലാ വഹും കുസാലാ വ ലാ യുൻഫിഖൂന ഇല്ലാ വഹും കാരിഹൂൻ**(9:53–54) പറയുക! നിങ്ങളിഷ്ടപ്പെട്ടുകൊണ്ടോ വെറുത്തുകൊണ്ടോ (അല്ലാഹുവിന്റെ മാർഗത്തിൽ)ചെലവു ചെയ്തുകൊള്ളുക. നിങ്ങളിൽനിന്ന് അത് സ്വീകരിക്കപ്പെടുകയില്ലതന്നെ. തീർച്ചയായും നിങ്ങൾ ആജ്ഞാലംഘകരായ ഒരു ജനതയത്രെ. അല്ലാഹുവിലും അവന്റെ ദൂതനിലും അവർ അവിശ്വസിക്കുന്നു, അലസരായിട്ടല്ലാതെ അവർ നമസ്കാരത്തിന് ചെല്ലുന്നില്ല. വെറുത്തുകൊണ്ടല്ലാതെ അവർ (ദൈവമാർഗത്തിൽ) ചെലവു ചെയ്യുന്നില്ല, എന്നീ കാര്യങ്ങളല്ലാതെ മറ്റൊന്നും അവരിൽനിന്ന് അവരുടെ സംഭാവനകൾ സ്വീകരിക്കപ്പെടുന്നതിന് തടസ്സമായിട്ടില്ല.

ഈ വിശുദ്ധ ആയത്തിൽ കപടവിശ്വാസികളെ ധിക്കാരികളെന്നും അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിഷേധിച്ചവരെന്നും പറയുന്നു; ഇനി അവരുടെ നിഷേധത്തിന്റെ കാഠിന്യത്തെ പരാമർശിച്ചു കൊണ്ട് ഈ ആയത്തിൽ കുറെ കൂടി വിവരിക്കുന്നുണ്ട്. അതായത്, **യഹ്‌ലിഫൂന ബില്ലാഹി മാ ഖാലൂ വലഖദ് ഖാലൂ കലിമത്തൽകുഫ്‌രി വ കഫറൂ ബഅ്ദ ഇസ്‌ലാമിഹിം വ ഹമ്മൂ ബിമാ ലം യനാലൂ വമാ നഖമൂ ഇല്ലാ അൻ അഗനാഹുമുല്ലാഹു വ റസൂലുഹൂ മിൻ ഫള്‌ലിഹീ ഫഇൻയത്തൂബൂയക്കു ഖയ്റൻല്ലഹും വഇൻ യതതവല്ലൗ യുഅദ്ദിബ്ഹുമുല്ലാഹു അദാബൻ അലീമൻ ഫിദ്ദുൻയാ വൽആഖിറത്തി വമാലഹും ഫിൽഅർളി മിൻവ്വലിയിൻ വ്വലാ നസ്വീർ**(9:74)

തങ്ങൾ(അഹിതമായൊന്നും)പറഞ്ഞിട്ടില്ലെന്ന് അല്ലാഹുവിനെ മുൻനിറുത്തി അവർ സത്യം ചെയ്യുന്നു. വാസ്തവത്തിൽ തീർച്ചയായും അവർ അവിശ്വാസത്തിന്റെ വാക്ക് പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അവർ ഇസ്‌ലാംമതം സ്വീകരിച്ചശേഷം അവിശ്വസിക്കുകയും തങ്ങൾക്ക് നിർവഹിക്കുവാൻ കഴിയാത്ത കാര്യങ്ങൾ അവർ ഉദ്ദേശിക്കുകയും ചെയ്തു. അല്ലാഹുവും അവന്റെ റസൂലും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് (അവർക്കു നല്കി) അവരെ സമ്പന്നരാക്കി എന്ന കാരണമായല്ലാതെ അവർ ശത്രുത പുലർത്തുന്നില്ല. അതിനാൽ അവർ പശ്ചാത്തപിച്ചു മടങ്ങുന്നതായാൽ അതവർത്തു ഗുണകരമായിരിക്കും. ഇനി അവർ പിന്തിരിഞ്ഞുപോകുന്നതായാൽ അല്ലാഹു അവർക്ക് ഇഹത്തിലും പരത്തിലും വേദനാജനകമായി ശിക്ഷ നല്കുന്നതാണ്. ഭൂമയിൽ അവർക്കൊരു സുഹൃത്തോ ഒരു സഹായിയോ ഉണ്ടായിരിക്കുകയുമില്ല.

ഇതുപോലെ സൂറ തൗബയിലെ 66–ാമത്തെ ആയത്തിൽ പറയുന്നു: **ലാ തഅ്ത്തദിറൂ ഖദ് കഫർത്തും ബഅ്ദ ഈമാനിക്കും. ഇന്നഅ്ഫു അൻ ത്വാഇഫത്തിൻ മ്മിൻകും നുഅദ്ദിബ് ത്വാഇഫത്തൻ ബിഅന്നഹും കാന മുജ്‌രിമീൻ**(9:66) ഒഴിവുകഴിവുകളൊന്നും നിങ്ങൾ പറയണ്ട. തീർച്ചയായും വിശ്വാസത്തിനുശേഷം നിങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിനു നാം മാപ്പുകൊടുക്കുന്നതായാൽ മറ്റൊരു വിഭാഗത്തെ അവർ കുറ്റവാളികളായിരുന്നുവെന്ന കാരണത്താൽ നാം ശിക്ഷിക്കുന്നതാണ്.

ഇപ്രകാരംതന്നെയാണ് മുനാഫിഖീങ്ങളെ സംബന്ധിച്ച് സൂറ മുനാഫിഖൂൻ എന്ന പേരിൽ ഒരു മുഴുവൻ സൂറത്ത് അവതരിച്ചത്. അതിൽ പറയുന്നു: **ഇത്തഖദൂ അയ്മാനഹും ജുന്നത്തൻ ഫസ്വദ്ദൂ അൻ സബീലില്ലാഹി ഇന്നഹും സാഅ മാ കാനൂ യഅ്മലൂൻ. ദാലിക്ക ബിഅന്നഹും ആമനൂ ഥുമ്മ കഫറൂ ഫത്വുബിഅ അലാ ഖുലൂബിഹിം ഫഹും ലാ യഫ്ഖഹൂൻ**(63:3–4) അവർ തങ്ങളുടെ ശപഥങ്ങളെ ഒരു കവചമാക്കി വെച്ചിരിക്കുകാണ്. അങ്ങനെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് അവർ (മനുഷ്യരെ)തടയുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ ചീത്തയായതുതന്നെ. അതിനുകാരണം അവർ വിശ്വസിക്കുകയും പിന്നീടു നിഷേധിക്കുകയും ചെയ്തുവെന്നതാണ്. തന്നിമിത്തം അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെക്കപ്പെട്ടിരിക്കുന്നു, അവർ യാഥാർഥ്യം ഗ്രഹിക്കുന്നില്ല.

ഇവിടെയും ഇത്തരമാളുകൾ വിശ്വസിക്കുകയും പിന്നീട് നിഷേധികളാകുകയും ചെയ്തുവെന്ന പരാമർശമാണുള്ളത്. പക്ഷേ, ഒരു തരത്തിലുള്ള ശിക്ഷയും നിശ്ചയിക്കുകയോ അവർക്ക് നൽകുകയും ചെയ്തിട്ടില്ല.

ചുരുക്കത്തിൽ ഇത്തരത്തിലുള്ള നിരവധി ആയത്തുകളിൽ വിശ്വസിക്കുകയും പിന്നീട് തുറന്ന നിലയിലോ കർമപരമായോ കുഫ്ർ സ്വീകരിക്കുകയും ചെയ്തവരെ കുറിച്ച് പരാമർശമുണ്ട്. അവരെ കുറിച്ച് 'ഫാസിഖ്' എന്നും 'കാഫിർ' എന്നും 'മുർത്തദ്ദ്' എന്നും പറയപ്പെട്ടിരിക്കുന്നു. പക്ഷേ, അവർക്കൊന്നുംതന്നെ വധശിക്ഷയോ മറ്റോ ശിക്ഷയായി വിധിച്ചിട്ടില്ല.

ഇനി വിശുദ്ധ ഖുർആനുശേഷം നബി(സ) തിരുമേനി മതപരിത്യാഗിയെ(മുത്തദ്ദ്) കുറിച്ച് എന്താണെന്നു പറയുന്നതെന്നുകൂടി നമുക്ക് നോക്കാം. വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ട അനുഗൃഹീത വ്യക്തിത്വം **'കാന ഖുലുഖുഹുൽ ഖുർആൻ'**ന്റെ സാക്ഷാത്കാരമായിരുന്നു. അദ്ദേഹം തന്റെ കർമത്തിലൂടെ വിശുദ്ധ ഖുർആനിന്റെ കല്പനകൾ പ്രാവർത്തികമാക്കികൊണ്ട് തന്റെ മാതൃകയും ചര്യയും സമർപ്പിക്കുകയുണ്ടായി. ആ അനുഗൃഹീത വ്യക്തിത്വം മുർത്തദ്ദിനെ കുറിച്ച് എന്താണ് പറഞ്ഞത്?

ബുഖാരിയിലെ താഴെ ചേർക്കുന്ന സംഭവം മുർത്തദ്ദീങ്ങൾക്ക് കേവലം അവരുടെ മതനിരാസം എന്ന കുറ്റത്തിനുമേൽ ഒരു ശിക്ഷയും നിർണയിച്ചിട്ടില്ലെന്ന് തീർപ്പു കല്പിക്കുന്നു. ഈ ഹദീഥിലെ വാചകങ്ങൾ ഇങ്ങനെയാണ്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. ഒരു അനറബി നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് നബി(സ)തിരുമേനിക്ക് ബയ്അത്തും ചെയ്തു. അടുത്ത ദിവസം അയാൾക്ക് മദീനയിൽവെച്ച് പനി പിടിപെട്ടു. അയാൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു 'എനിക്കെന്റെ ബയ്അത്ത് തിരിച്ചുതരണം' എന്ന് പറഞ്ഞു. പിന്നെ അയാൾ വീണ്ടും വന്നു പറഞ്ഞു: 'എനിക്കെന്റെ ബയ്അത്ത് തിരിച്ചു തരുക.' നബി(സ)തിരുമേനി മൂന്നു തവണയും നിഷേധിച്ചു. അയാൾക്കു മറുപടി നൽകിയില്ല. പിന്നെ ആ അനറബി മദീനയിൽ നിന്നു പോയി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'മദീന തീച്ചൂള പോലെയാകുന്നു. അത് അശുദ്ധികളെ ഇല്ലാതാക്കുന്നു. യഥാർഥ പരിശുദ്ധമായ വസ്തുവിനെ സ്വച്ഛമായി നിലനിറുത്തുകയും ചെയ്യുന്നു.' *(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലുൽമദീനത്തി, ഹദീഥ് 1883)*

ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബ് 'മുർത്തദ്ദിനുള്ള ശിക്ഷയും ഇസ്‌ലാമും' എന്ന ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ഈ പുസ്തകം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ മേൽനോട്ടത്തിലാണ് തയ്യാറാക്കിയത്. അതിൽ ഈ ഹദീഥും ചേർത്തിട്ടുണ്ട്. അതിനുശേഷം എഴുതുന്നു: 'അയാൾ നബി(സ)തിരുമേനിയുടെ അടുക്കൽ കൂടെക്കൂടെ വരുന്നതും വ്യക്തമാക്കിത്തരുന്നത് മുർത്തദ്ദിനു ഒരുവിധ ശിക്ഷയും നിജപ്പെടുത്തിയിട്ടില്ലെന്നാണ്. അല്ലായിരുന്നെങ്കിൽ ഒരിക്കലും നബി(സ) തിരുമേനിയുടെ അടുക്കൽ അയാൾ വരില്ലായിരുന്നു. മാത്രമല്ല ആരുമറിയാതെ ഒളിച്ചുപോകാനും ശ്രമിക്കുമായിരുന്നു. മുർത്തദ്ദായി ആർക്കും വെളിപ്പെടാൻ ആഗ്രഹിക്കുമായിരുന്നില്ല.' തുടർന്ന് എഴുതുന്നു: 'നമ്മളോടു പറയപ്പെടുന്നത് മുർത്തദ്ദിനു വധശിക്ഷ ഇസ്‌ലാം വിധിച്ചതിനു കാരണം മുർത്തദ്ദാകുന്നത് ഇല്ലാതാക്കുന്നതിന് വേണ്ടിയായിരുന്നു. അതിന്റെ ആത്യന്തിക ലക്ഷ്യം ജനങ്ങളെ ഇസ്‌ലാമിൽത്തന്നെ തുടർന്ന് പോകാൻ നിർബന്ധിക്കുകയാണ്. ഇത് സത്യമാണെങ്കിൽ നബി(സ)തിരുമേനി തന്റെ അടുക്കൽ കൂടെക്കൂടെ വന്ന വ്യക്തിക്ക് എന്തുകൊണ്ട് മുന്നറിയിപ്പ് നൽകിയില്ല. അയാളോട് എന്തുകൊണ്ട് ഇസ്‌ലാമിൽ മതനിരാസത്തിനുള്ള ശിക്ഷ വധമാണെന്നും നിങ്ങൾ മുർത്തദ്ദാകുകയാണെങ്കിൽ നിങ്ങളും വധിക്കപ്പെടുമെന്നും പറഞ്ഞില്ല. അയാളാകട്ടെ കൂടെക്കൂടെ തന്റെ മതനിരാസത്തിനുള്ള

ആഗ്രഹം വെളിപ്പെടുത്തുകയായിരുന്നു. അയാൾ മുർത്തദ്ദായിപോകുമെന്ന ആശങ്കയും ഉണ്ടായിരുന്നു എന്നിരിക്കെ അയാൾ മുർത്തദ്ദായി പോവുകയാണെങ്കിൽ അയാളെ പിടികൂടി അയാൾക്ക് ശരീഅത്തുപരമായ ശിക്ഷ നടപ്പിൽ വരുത്താൻ എന്തുകൊണ്ട് കാവൽക്കാരെ ഏർപെടുത്തിയില്ല. എന്തുകൊണ്ട് സ്വഹാബാക്കൾ അയാളോട് ഇങ്ങനെ പറഞ്ഞില്ല, സുഹൃത്തേ ജീവൻ വേണമെന്നുണ്ടെങ്കിൽ മുർത്തദ്ദാകുന്നുവെന്ന് പറഞ്ഞു പോകരുത്. കാരണം ഈ നാട്ടിലെ നിയമം അനുസരിച്ച് ഇസ്‌ലാം സ്വീകരിച്ചതിനുശേഷം പിന്നെ മതനിരാസം സ്വീകരിക്കുകയായയണെങ്കിൽ അയാളെ ഉടൻ തന്നെ കൊല്ലുക എന്നതാണ്. ചുരുക്കത്തിൽ ആ അനറബി കൂടെക്കൂടെ മുർത്തദ്ദാണെന്ന് വെളിപ്പെടുത്തുന്നതും അയാൾ നബി(സ) തിരുമേനിയുടെ അടുക്കൽ കൂടെക്കൂടെ വരുന്നതും നബി(സ)തിരുമേനി അയാൾ മുർത്തദ്ദായിട്ടും അയാൾക്ക് മുന്നറിയിപ്പ് കൊടുക്കാതിരിക്കുന്നതും സ്വഹാബാക്കളോട് അയാളെ വധിക്കാൻ കൽപിക്കാത്തതും ഒടുവിൽ ഒരു അസ്വസ്ഥതയും കൂടാതെ അയാൾ മക്കയിൽനിന്ന് പുറത്തു പോകുന്നതുമെല്ലാം വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നത് ഇസ്‌ലാമിൽ മുർത്തദ്ദീങ്ങൾക്ക് ഒരുവിധ ശരീഅത്തുപരമായ ശിക്ഷയും നിശ്ചയിട്ടില്ലെന്നാണ്. പിന്നെ അയാൾ പോകുമ്പോൾ നബി(സ)തിരുമേനി ഒരു തരത്തിൽ സന്തോഷം പ്രകടിപ്പിക്കുന്നതും 'മദീന തീച്ചൂള പോലെയാണെന്നും അത് അശുദ്ധികളെ ഇല്ലാതാക്കുന്നുവെന്ന് പറയുന്നതും വ്യക്തമാക്കിത്തരുന്നത് നബി(സ) തിരുമേനി ആരെയും നിർബന്ധപൂർവം ഇസ്‌ലാമിൽ വെക്കുന്നതും ജനങ്ങളെ നിർബന്ധമാർഗങ്ങളിലൂടെ മത നിരാസത്തിൽ നിന്ന് വിലക്കുന്നതും നബി(സ)തിരുമേനിയുടെ തത്ത്വങ്ങൾക്കെതിരായിരുന്നുവെന്നാണ്. മറിച്ച് അശുദ്ധനായ ഒരു വ്യക്തി ഇസ്‌ലാമിക ജമാഅത്തിൽനിന്ന് വേർപെട്ടുപോവുകയാണെങ്കിൽ നബി(സ)തിരുമേനി അസന്തുഷ്ടി പ്രകടിപ്പിച്ചിരുന്നില്ല. അയാളുടെ ആഗ്രഹത്തിന് വിപരീതമായി ഇസ്‌ലാമിൽ പിടിച്ചു നിറുത്താനും ശ്രമിച്ചിരുന്നില്ല. മറിച്ച് അത്തരമാളുകൾ പോകുന്നത് 'അശുദ്ധി കുറവാകുന്തോറും ലോകം പരിശുദ്ധമാകും' എന്ന പോലെയായിരുന്നു നബി (സ) തിരുമേനിയുടെ വീക്ഷണം. ഒരാൾ ഒരിക്കൽ ഇസ്‌ലാമിൽ വന്നതിന് ശേഷം അയാളെ എല്ലാ നിലയ്ക്കും ഇസ്‌ലാമിൽ നിലനിറുത്താൻ നിർബന്ധിക്കുകയും അയാൾ ഒരു നിലയ്ക്കും സമ്മതിക്കുന്നില്ലെങ്കിൽ അയാളെ വധിച്ചുകൊണ്ട് മറ്റുള്ളവർക്ക് ഗുണപാഠമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നതാണ് നബി(സ)തിരുമേനിയുടെ രീതിയെങ്കിൽ, നബി(സ)തിരുമേനി ആ അനറബി പോകുമ്പോൾ കുപിതനാകുകയും സ്വഹാബാക്കളെ ശകാരിച്ചു കൊണ്ട് നിങ്ങൾ എന്തുകൊണ്ടു അയാളെ പോകാൻ അനുവദിച്ചുവെന്നും അയാളെ പിടിച്ച് എന്തുകൊണ്ട് വധഭീഷണി മുഴക്കിയില്ലെന്നും ചോദിക്കുമായിരുന്നു. മാത്രമല്ല നബി(സ) തിരുമേനി സ്വഹാബാക്കൾക്ക് ഇങ്ങനെ കൽപന കൊടുക്കുമായിരുന്നു: നിങ്ങൾ ഓടിപ്പോയി എവിടെ നിന്നെങ്കിലും ആ വൃത്തികെട്ടവനെ പിടിച്ചുകൊണ്ടു വരിക, അയാൾക്ക് ശിക്ഷ നൽകട്ടെ! എന്നാൽ, നബി(സ)തിരുമേനി അങ്ങനെ ചെയ്തില്ല. മറിച്ച് മറ്റുവാക്കുകളിൽ ഇങ്ങനെയാണ് പറഞ്ഞത്, 'അയാൾ പോയതു നന്നായി. അയാൾ മുസ്‌ലിമീങ്ങൾക്കിടയിൽ ഇരിക്കാൻ അർഹനല്ലായിരുന്നു. അല്ലാഹു തന്റെ കൈകളാൽത്തന്നെ അയാളെ നമ്മിൽനിന്ന് വേർപ്പെടുത്തുകയാണുണ്ടായത്.' ചുരുക്കത്തിൽ ഈ അനറബിയുടെ ഉദാഹരണം മുർത്തദ്ദിനു ശരീഅത്തിൽ ഒരുവിധ ശിക്ഷയും നിജപ്പെടുത്തിയിട്ടില്ലെന്നും മുസ്‌ലിമീങ്ങൾക്കിടയിൽ എല്ലാ മുർത്തദ്ദിനും അയാൾ മുർത്തദ്ദായ കാരണത്താൽ വധശിക്ഷ നൽകുന്ന സമ്പ്രദായം ഒരിക്കലും ഉണ്ടായിരുന്നില്ലെന്നും വ്യക്തവും സുദൃഢവുമായ തെളിവാകുന്നു. *(ഖത്‌ലെ മുർത്തദ് ഔർ ഇസ്‌ലാം, മൗലവി ശേർ അലി സാഹിബ്, പേജ് 109-111, പ്രസാധനം 1925)*

മുർത്തദ്ദിനു ഒരുവിധ ശിക്ഷയും നിശ്ചയിച്ചിട്ടില്ലെന്നതിന് മറ്റൊരു തെളിവ് ഹുദയ്ബിയായിൽ നബി(സ)തിരുമേനിക്ക് മക്ക മുശ്‌രിക്കീങ്ങളുമായി ചെയ്ത സന്ധി നിബന്ധനകളാണ്. ഹുദയ്ബിയ സന്ധിയെ സംബന്ധിച്ചുള്ള ഹദീഥിൽ എഴുതിയിരിക്കുന്നു: ഇത് ബറാഅ് ബിൻ ആസിബിൽ നിന്നുള്ള നിവേദനമാണ്. നബി(സ)തിരുമേനി ഹുദയ്ബിയ ദിവസം മുശ്‌രിക്കീങ്ങളുമായി മൂന്നു കാര്യങ്ങളിൽ സന്ധി ചെയ്തു. ഒന്നാമത്തെ നിബന്ധന ഇതായിരുന്നു, മുശ്‌രിക്കീങ്ങളിൽ നിന്നാരെങ്കിലും മുസ്‌ലിമായി നബി(സ)തിരുമേനിയുടെ അടുക്കൽ വരുകയാണെങ്കിൽ നബി(സ)തിരുമേനി അയാളെ മുശ്‌രിക്കീങ്ങളിലേക്കുതന്നെ തിരിച്ചയക്കേണ്ടതാണ്. രണ്ടാമത്തെ നിബന്ധന ഇപ്രകാരമാണ്, മുസ്‌ലിമീങ്ങളിൽ നിന്നു ആരെങ്കിലും മുർത്തദ്ദായി മുശ്‌രിക്കീങ്ങളിലേക്ക് പോവുകയാണെങ്കിൽ അവർ അയാളെ നബി(സ)തിരുമേനിയുടെ അടുക്കലേക്ക് തിരിച്ചയക്കുന്നതല്ല. ഈ സന്ധി നിർദേശങ്ങളിൽ നിന്ന് വ്യക്തമായും മനസ്സിലാകുന്നത് മുർത്തദ്ദിനു ശരീഅത്ത് ഒരുവിധ ശിക്ഷയും വിധിച്ചിട്ടില്ലെന്നാണ്. കാരണം മുർത്തദ്ദിനു ഇസ്‌ലാമിക ശരീഅത്ത് ശിക്ഷ വിധിച്ചിരുന്നുവെങ്കിൽ, അതായത് അയാളെ വധിക്കേണ്ടതാണെന്ന് ഉണ്ടായിരുന്നുവെങ്കിൽ ശരീഅത്തിന്റെ വിധി നടപ്പാക്കുന്നതിൽ നബി(സ)തിരുമേനി ഒരിക്കലും മുശ്‌രിക്കീങ്ങളുടെ വാക്കുകൾ അംഗീകരിക്കുമായിരുന്നില്ല. ഇതിന് പുറമെയും നിരവധി സംഭവങ്ങളിൽനിന്ന് വളരെ വ്യക്തമായും മനസ്സിലാകുന്നത് നബി(സ)തിരുമേനിയുടെ അനുഗൃഹീത കാലത്തും പലരും ഇസ്‌ലാമിൽനിന്ന് വിട്ടുപോയെങ്കിലും അവർ കേവലം മുർത്തദ്ദായതുകൊണ്ട് അവർക്ക് ഒരുവിധത്തിലുള്ള അസ്വസ്ഥതയും ഉണ്ടാക്കിയിട്ടില്ല; അവർ യുദ്ധത്തിലോ കലാപത്തിലോ ഏർപ്പെട്ടാലല്ലാതെ. *(സ്വഹീഹുൽബുഖാരി, കിതാബുസ്സ്വുൽഹ് മഅൽ മുശ്‌രിക്കീൻ ഹദീഥ് 2700)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിശുദ്ധ ഖുർആനിലെ മറ്റൊരു ആയത്ത് മുഖേനയും ഈ വിഷയം വിശദീകരിച്ചിട്ടുണ്ട്: **വമാ അലർറസൂലി ഇല്ലൽ ബലാഗുൽ മുബീൻ** പറയുന്നു: ഇതിൽ സൂചന നൽകുന്നത് വാളിനു പകരം തബ്‌ലീഗിന്റെ മാർഗം അവലംബിക്കേണ്ടത് വളരെ കാലമായുള്ള സമ്പ്രദായമാണ്. ഹദ്റത്ത് ഇബ്‌റാഹീം(അ) ഈ മാർഗമാണ് സ്വീകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാലത്തുള്ള ജനങ്ങൾക്കും അല്ലാഹു ഈ നിർദേശമാണ് നൽകിയതും. അതായത് നമ്മുടെ പ്രവാചകന്റെ ധർമം കാര്യങ്ങൾ എത്തിക്കുക എന്നതു മാത്രമാണ്. വാളുകൊണ്ട് അംഗീകരിപ്പിക്കുക എന്നതല്ല. ഇതുതന്നെയാണ് വിശുദ്ധ ഖുർആന്റെ സാരവും. അതായത് തെളിവുകൾ മുഖേന കാര്യങ്ങൾ അംഗീകരിപ്പിക്കുക എന്നത് മതാനുയായികളുടെ കർത്തവ്യമാകുന്നു.

നിർബന്ധപൂർവം അംഗീകരിപ്പിക്കുന്നത് മതാനുയായികളുടെ ജോലിയല്ല. എന്നാൽ, ഖേദകരമെന്ന് പറയട്ടെ ലോകം ഇന്നേവരെയും ഈ വിഷയത്തെ മനസ്സിലാക്കിയിട്ടില്ല. മറിച്ച് മുസ്‌ലിമീങ്ങളും മുർത്തദ്ദിനെ കൊല്ലുന്നത് അനുവദനീയമാണെന്ന് കരുതുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ആരുടെയെങ്കിലും വിശ്വാസം കളവോ സത്യമോ ആണെങ്കിൽ അതല്ല സത്യ വിശ്വാസമുള്ള ആളാണെങ്കിലും ഒരു മുസ്‌ലിം തന്റെ മതത്തെ സത്യമാണെന്നു കരുതുന്നതു പോലെ അയാളും കരുതുന്നതാണ്. ക്രൈസ്തവ മതം വ്യാജമാണെങ്കിലും ഇവിടെയുള്ള പ്രശ്നം ലോകത്തുള്ള ഭൂരിപക്ഷം ക്രിസ്ത്യാനികളും അതിനെ എങ്ങനെയാണ് മനസ്സിലാക്കുന്നത്. അവർ തീർച്ചയായും അത് സത്യമെന്നാണ് കരുതുന്നത്. ഹൈന്ദവമതം വ്യാജമാണെങ്കിലും ലോകത്തുള്ള ഭൂരിപക്ഷം ഹിന്ദു

ശേഷം പേജ് 9 ൽ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 17 പേജ് 8, കോളം 3-ൽനിന്ന്)

## പ്രിയപ്പെട്ട ഇമാമിന്റെ വാത്സല്യത്തിന്റെ ഒരു മിന്നലാട്ടം

നമസ്കാരശേഷം ഹുദൂർ ഹാളിനു പുറത്തു വരികയായിരുന്നു. ഹാളിന്റെ വാതിൽക്കൽ ആദരണീയ നയീം അഹ്മദ് ഭട്ടി തന്റെ മകൻ അബ്ദുർറഹ്മാന്റെ കൂടെ നിൽക്കുകയായിരുന്നു. ഈ കുട്ടിയുടെ ഹൃദയത്തിന്റെ ട്രാൻസ്പ്ലാന്റ് ചെയ്യാനിരിക്കുകയാണ്. ചികിത്സയുമായി ബന്ധപ്പെട്ട് വിവിധ ഉപകരണങ്ങൾ ശരീരത്തിൽ സ്ഥാപിച്ചിരുന്നു.

ഹുദൂർ വാത്സല്യപൂർവം ആ കുട്ടിയുടെ അടുക്കൽനിന്നു. അവസ്ഥകൾ ചോദിച്ചറിഞ്ഞു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, ശിഫാ നല്കുമാറാകട്ടെ എന്ന് ദുആ ചെയ്തു. വാത്സല്യത്തോടെ ഹുദൂർ പറഞ്ഞു: 'ഇവന് സിംഹത്തിന്റെ ഹൃദയം വെക്കുക.'

തുടർന്ന് 3.20-ന് ഹുദൂർ ഇവിടെ നിന്നു ബയ്ത്തുസ്സുബൂഹിലേക്ക് പുറപ്പെട്ടു. 50 മിനിറ്റ് യാത്രയക്കു ശേഷം 4.10-ന് മിഷനിലെത്തി.

## കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

6.45-ന് ഹുദൂർ ഓഫീസിൽ വരികയും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിക്കുകയും ചെയ്തു. ഇന്നത്തെ സായാഹ്ന സെഷനിൽ 25 കുടുംബങ്ങളിൽനിന്നുള്ള 89 അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി. ജർമനിയിലെ 25 ജമാഅത്തിൽ നിന്നു വന്ന ഇവരൽ ചിലർ വളരെ ദൂരത്തുനിന്ന് യാത്ര ചെയ്താണെത്തിയത്. ലെവർകുസാനിൽ (Laver kusen) നിന്നുള്ളവർ 220 കിലോമീറ്ററും Paderborn നിന്നുള്ളവർ 255 കിലോമീറ്ററും UlmDonau നിന്നുള്ളവർ 300 കിലോമീറ്ററും Osnabruck നിന്നുള്ളവർ 315 കിലോമീറ്ററും Chemnits നിന്നുള്ളവർ 400 കിലോമീറ്ററും യാത്ര ചെയ്താണെത്തിയത്.

ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. ഹുദൂർ വിദ്യാർഥി-വിദ്യാർഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 08.00 മണി വരെ നീണ്ടു.

## ജനാസ നമസ്കാരം

തുടർന്ന് ഹുദൂർ മിർസാ അബ്ദുൽ ഹമീദ് സാഹിബ് മർഹൂമിന്റെ ജനാസ ഹാളിറിനോടൊപ്പം മറ്റു അഞ്ചു പരേതാത്മാക്കളുടെ ജനാസ ഗായിബും നമസ്കരിച്ചു.

മിർസാ അബ്ദുൽ ഹമീദ് സാഹിബ് ഒക്ടോബർ 13-ാം തിയതി 73-ാം വയസ്സിൽ ജർമനിയിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 10 വർഷം നീണ്ടുനിന്ന രോഗാവസ്ഥക്കു മുമ്പേ ഇദ്ദേഹം ജമാഅത്തീ മീറ്റിംഗുകളിലും കേന്ദ്ര പ്രോഗ്രാമുകളിലും പങ്കെടുത്തിരുന്നു. അവസാന നിമിഷംവരെ ചന്ദകളും കൃത്യമായി അടച്ചുകൊണ്ടിരുന്നു. സൽസ്വഭാവിയും ബന്ധങ്ങൾ നിലനിർത്തുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയും ഒരു മകനും നാലു പെൺകുട്ടികളുമുണ്ട്.

## ജനാസ ഗായിബ്

(1) **അബ്ദുൽ ഹഫീള് ഖാൻ സാഹിബ്**: ഒക്ടോബർ 16-ന് വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ,* 90 വയസ്സായിരുന്നു. മർഹൂം അബ്ദുൽകരീം സാഹിബിന്റെ മകനും കൊളംബിയാ മുബല്ലിഗ് അബ്ദുസ്സത്താർ സാഹിബിന്റെ മൂത്ത സഹോദരനും ഹാഫിള് മുള്വഫ്ഫർ അഹ്മദ് സാഹിബിന്റെ മാതുലനുമായിരുന്നു. പത്തുവർഷം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ മുഹാസിബ് എന്ന നിലയിലും പത്തുവർഷം തന്റെ ഹൽഖയിൽ സെക്രട്ടറിമാൽ എന്ന നിലയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. രോഗബാധിതനാകുന്നതുവരെ കൃത്യതയോടെ മസ്ജിദിൽ വന്ന് ജമാഅത്തായ നമസ്കാരത്തിൽ പങ്കെടുത്തിരുന്നു. മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ 2 ആൺകുട്ടികളും 6 പെൺകുട്ടികളുമുണ്ട്.

(2) **സലീമ ബീഗം സാഹിബ**: വാഖിഫെ സിന്ദഗിയായിരുന്ന മർഹൂം മൗലവി മുഹമ്മദ് ഇസ്മായീൽ (തഹ്രീക്കെ ജദീദ് പെൻഷണർ, ദാറുൽഉലൂം ഗർബീ സ്വാദിഖ് റബ്വ) സാഹിബിന്റെ സഹധർമിണിയായിരുന്നു. 2019 ആഗസ്റ്റ് 31-ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 87 വയസ്സായിരുന്നു. ഹൈദരാബാദ് ദക്കനിലും ബീഹാറിലും മുബല്ലിഗായി സേവനം അനുഷ്ഠിച്ച, വാഗ്ദത്ത മസീഹിന്റെ സ്വഹാബി ഹദ്റത്ത് മൗലവി ഫള്ലുദ്ദീൻ സാഹിബി(റ) (ഓഫ് മാൻഗട്ട് ഊംഞ്ചേ)ന്റെ മകളായിരുന്നു. നോമ്പുപിടിക്കുന്നതിലും നമസ്കാരത്തിലും കൃത്യനിഷ്ഠ പുലർത്തിയിരുന്ന ഇവർ തഹജ്ജുദ് നമസ്കാരത്തിലും ആതിഥ്യ മര്യാദയിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആത്മാർഥയും സത്വ്യത്തയുമായിരുന്നു. വിശുദ്ധ ഖുർആന് പാരായണം ചെയ്യുന്നതിലും വളരെ ശ്രദ്ധ പുലർത്തിയിരുന്നു. അൽഫള്ലും ജമാഅത്തിന്റെ മറ്റു പുസ്തകങ്ങളും കൃത്യമായി വായിക്കുകയും ഖിലാഫത്തിനോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തോടും വിശ്വാസവും സവിശേഷമായ കൂറും വെച്ചു പുലർത്തുകയും ചെയ്തിരുന്നു. 1976-ൽ മഹല്ല ദാറുൽയമൻ വസ്ത്വീ റബ്വയിൽ ലജ്നാ സ്വദ്ർ എന്ന നിലയിൽ നിയോഗിക്കപ്പെട്ട ഇവർ ഏകദേശം 15 വർഷം സേവന നിരതയായിരുന്നു. തന്റെ മക്കളുടെ ശിക്ഷണം വളരെ നല്ല രീതിയിൽ നിർവഹിച്ചു. 'മൂസ്വിയ'യായ ഇവരുടെ സന്തപ്ത കുടുംബത്തിൽ നാലു ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ഇവരുടെ മകൻ നാസ്വിർ അഹ്മദ് മഹ്മൂദ് സാഹിബിനും മരുമകൾക്കും നുസ്റത്ത് ജഹാൻ സ്കീമിനു കീഴിൽ സിയറ ലിയോണിൽ സേവനം ചെയ്യാൻ അവസരം ലഭിച്ചു. രണ്ടാമത്തെ മകൻ മുറബ്ബി ത്വാഹിർ അഹ്മദ് മുബശ്ശിർ സാഹിബ് ടൗൺഷിപ്പിലും ഒരു മരുമകൻ മുറബ്ബി നിഅ്മത്തുല്ലാഹ് ജാവേദ് സാഹിബ് ഖസ്വൂറിലും സേവന നിരതരാണ്. അവരുടെ ഒരു ദൗഹിത്രൻ ജാമിഅയിൽ പഠിച്ചു വരുന്നു.

(3) **റളിയാ ബീഗം സാഹിബ**: റബ്വയിലെ മുനവ്വർ അഹ്മദ് ബട്ട് സാഹിബിന്റെ ഭാര്യയാണ്. 2019 ആഗസ്റ്റ് 29 ന് 85-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് പീർ മുഹമ്മദ് സാഹിബിന്റെ പൗത്രിയും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവരും എല്ലാവരേയും ശ്രദ്ധിക്കുന്നവരും സൽസ്വഭാവിയും എല്ലാവർക്കും പ്രിയപ്പെട്ടവരുമായിരുന്നു. മൂസ്വിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ നാലു പെൺമക്കളും ആറു ആൺമക്കളുമുണ്ട്. ഒരുപാട് പൗത്രന്മാരും പൗത്രിമാരും ദൗഹിത്രന്മാരും ദൗഹിത്രിമാരുമുണ്ട്.്.ഒരു ഒരു പൗത്രൻ മുറബ്ബി സ്വാദിഖ് അഹ്മദ് ബട്ട് തുർക്കിയിലും ഒരു ദൗഹിത്രൻ മുറബ്ബി ബഹ്സാദ് അഹ്മദ് സാഹിബ് റബ്വയിലും സേവന നിരതരാണ്. ഒരു പൗത്രൻ സാഗർ അഹ്മദ് ബട്ട് സാഹിബ് ജാമിഅ അഹ്മദിയ്യാ ജർമനിയിൽ പഠിച്ചു വരുന്നു.

(4) **സുബയ്ദ ബീബി സാഹിബ** (മുഖ്തദീപൂർ, ജില്ലാ കട്ടക്, ഇന്ത്യ): 2019 മാർച്ച് 28-ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 48 വയസ്സായിരുന്നു. ജന്മനാ അഹ്മദിയായ ഇവർ അഞ്ചുനേര നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുകയും ചന്ദകൾ കൃത്യമായി നല്കുകയും ചെയ്തിരുന്നു. ജമാഅത്തിനോട് ആത്മാർഥമായ ബന്ധം പുലർത്തിയിരുന്നു.

(5) **അമത്തുർറശീദ് ബീഗം സാഹിബ**: മൗലവി ഹമീദുല്ലാഹ് ഖാൻ സാഹിബ്, മുഅല്ലിം തഅ്ലീമുൽ ഖുർആൻ ക്ലാസ് മസ്ജിദ് മുബാറക്ക് റബ്വ. 2019 ജൂൺ 8-ന് വഫാത്തായി. 99 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ തന്റെ വിവാഹശേഷം അഹ്മദിയ്യത്ത് സ്വീകരിച്ചു. തന്റെ 9 മക്കളുടേയും ശിക്ഷണ കാര്യത്തിൽ ശ്രദ്ധിച്ചു. മക്കളെ മിക്കവരേയും വീട്ടിൽത്തന്നെയാണ് ഖുർആൻ പഠിപ്പിച്ചത്. മൂസ്വിയ ആയിരുന്നു.

അല്ലാഹു എല്ലാ പരേതാത്മക്കൾക്കും മഗ്ഫിറത്ത് നല്കുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ സാമീപ്യത്തിൽ ഇവർക്കും ഇടം നല്കുമാറാകട്ടെ. അല്ലാഹു ഇവരുടെ ബന്ധുമിത്രാദികൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. അവരുടെ സൽഗുണങ്ങൾ ജീവിപ്പിച്ചു നിറുത്തുമാറാകട്ടെ..

**ആമീൻ പരിപാടി**

ഹുദൂർ 36 കുട്ടികളിൽ നിന്നു വിശുദ്ധ ഖുർആനിലെ ഓരോ ആയത്ത് കേട്ടു. ഒടുവിൽ ദുആ ചെയ്തു.

അസീസ് മുഅ്മിൻ അഹ്മദ്, ദാനിയാൽ രാജ, മസ്റൂർ അഹ്മദ് ശയ്ഖ്, ആസ്വിം ഖാൻ, ലുഖ്മാൻ മുബശ്ശിർ, ഉബയ്ർ അഅ്‌ലം ബട്ടർ, സയാൻ ഫറാസ് നാസ്, നബീൽ മഹ്മൂദ്, വജീബുർറഹ്മൻ, ത്വൽഹ അക്ബർ ജൂഇയ, സഹ്റാബ് അഹ്മദ് അഅ്‌വാൻ, സഫീര് അഹ്മദ് അഅ്‌വാൻ, ഹസീബ് അഹ്മദ്, സയ്യിദ് ദുല്കിഫ്ൽ അഹ്മദ്, മുർതളാ അഹ്മദ്, ശായാൻ അഹ്മദ്, ആഹിൽ അഹ്മദ്, സ്വദാഖത്ത് അഹ്മദ്, കാംറാൻ അൻവർ, ഫയ്ളാൻ നാസ്വിർ, കാംറാൻ അഹ്മദ് ജഞ്ജ, ജലീസ് അഹ്മദ് റാണാ, താബിശ് അഹ്മദ്, മലിക് ഇഅ്സാസുൽ ഹഖ്, ഫർഹാൻ അലി അഅ്‌വാൻ, സുബ്ഹാൻ അഹ്മദ്, അയാൻ അഹ്മദ്, അലീം അഹ്മദ്, ബാസിൽ അഹ്മദ്, നൂഹ് സിറാജ് അഹ്മദ്, ലബീഖ് അഹ്മദ്, സായിം മുനീർ, രിള്‌വാൻ അഹ്മദ് മിർസാ, ശാഹ് സയ്ൻ മിർസാ, റാഹീൽ അഹ്മദ് നാസ്, സയ്യിദ് ബാസിൽ അഹ്മദ്.

ശേഷം ഹുദൂർ മഗ്‌രിബ്-ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു.

**2019 ഒക്ടോബർ 19 (ശനിയാഴ്ച)**

രാവിലെ 7 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി. റിപ്പോർട്ടുകളും മറ്റും പരിശോധിച്ച് വേണ്ട നിർദേശങ്ങൾ കൊടുത്തു. ഹുദൂർ 11.30-ന് വീണ്ടും തന്റെ ഓഫീസിലെത്തുകയും കുടുംബങ്ങളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. രാവിലത്തെ ഈ സെഷനിൽ 45 കുടുംബങ്ങളിൽനിന്നുള്ള 176 അംഗങ്ങളും വ്യക്തിപരമായി 3 പേരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. ജർമനിയിലെ വിവിധ ജമാഅത്തിൽനിന്നു വന്നവരായിരുന്നു ഇവർ.

എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി-വിദ്യാർഥിനികൾക്ക് ഹൂദൂർ പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നലകി. ഈ പ്രോഗ്രാം 1.45 വരെയായിരുന്നു.

**പെൺകുട്ടികളുടെ ആമീൻ പരിപാടി**

അതുകഴിഞ്ഞ് ലജ്നാ ഹാളിലെത്തിയ ഹുദൂർ പെൺകുട്ടികളുടെ ആമീൻ പരിപാടിയിൽ സംബന്ധിച്ചു. 35 കുട്ടികളിൽനിന്നു വിശുദ്ധ ഖുർആനിലെ ഓരോ ആയത്ത് കേട്ട ഹുദൂർ ദുആയും ചെയ്യിച്ചു. താഴെ പറയുന്ന കുട്ടികളാണ് ആ ഭാഗ്യവതികൾ:

അസീസ അലീശാ വഹീദ്, തംഥീല അഹ്മദ്, ലബീഖ ഹമീദ്, അതീഖ അമാൻ, ബാസിമാ രിളാ, അലീസാ മഹ്മൂദ്, മാഹാ അഹ്മദ്, ഹിബത്തുസ്സ്വബൂർ ത്വാഹിർ, അദീന ബുശ്റാ, ഹാദിയാ അഹ്മദ്, റാബിഅ കരീം, ഥംരിൻ അത്വിയ്യ, ഇനായ അഹ്മദ്, കാഹ്ലോൺ, അലീബാ ത്വാഹിർ, ലബീഖ ഖമർ, ജാസിബാ അഖ്സ്വാ അഹ്മദ്, മാഇറാ ലങ്കാഹ്, റുമാന മുദ്ദഥ്ഥിർ, ഉള്മ്മാ മീർ, ഫരിയാൽ ചൗദരി, ഫരീഹ ചൗദരി, മീറാബ് ഇംതിയാസ് വഡായിച്ച്, ആലിയ അഹ്മദ്, ആഇശാ അഹ്മദ്, സ്വബാ ഖാൻ, ദുആ വസീം, നാഇല ലയ്ലത്തുൽഖദ്ർ ളിയാ, ഹിബ ചീമ, മലാഹത്ത് ഫഹീം, ഐശ ലത്വീഫ്, നാഇല സയീദ്, റാഫിഅ സയീദ്, ജാദിബ നസ്വീർ അഹ്മദ്, ഹാല പരീസ ത്വാഹിർ, ഹിറാ സ്വാലിഹാ ഹസൻ.

ആമീൻപരിപാടിക്കുശേഷം പുരുഷന്മാരുടെ ഹാളിലേക്കു വന്ന ഹുദൂർ ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ**

6.25 ന് ഹുദൂർ ഓഫീസിലേക്കുവന്നു. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾക്ക് തുടക്കം കുറിച്ചു. ഇന്നത്തെ ഈ സായാഹ്ന സെഷനിൽ 19 കുടുംബത്തിൽ നിന്നുള്ള 72 അംഗങ്ങളും വ്യക്തിപരമായി 15 പേരുമാണ് പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. ജർമനിയിലെ 27 ജമാഅത്തുകളിൽ നിന്നു വന്ന ഇവരിൽ ചില കുടുംബങ്ങൾ ദീർഘദൂരം യാത്ര ചെയ്താണെത്തിയത്.

ഐസർലോൺ-ഇമ്മൻഹൗസൻ(Iserlohn, Immenhausen) എന്നീ ജമാഅത്തിൽനിന്ന് വന്നവർ 200 കിലോമീറ്ററും വിറ്റ്ലിച്ച്(Wittlich) ജമാഅത്തിൽനിന്നു വന്നവർ 210 കിലോമീറ്ററും ഔസ്ബർഗിൽ(Ausburg) നിന്നുവന്നവർ 350 കിലോമീറ്ററും യാത്ര ചെയ്താണെത്തിയത്. പാക്കിസ്താൻ,സ്വീഡൻ രാജ്യങ്ങളിൽനിന്നും വന്ന ചിലർക്കും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. ഈ പ്രോഗ്രാം 7.25 വരെയായിരുന്നു.

**അത്താഴ പരിപാടി**

പരിപാടി അനുസരിച്ച് 2019 ലെ ജർമനി ജൽസാ സാലാനയുടെ ഭാഗമായി ഇന്നു വൈകുന്നേരം നാളിംമാർക്കും നാളിമമാർക്കും ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബി നസ്വ്രിഹിൽ അസീസിന്റെ കൂടെ ലജ്ന നമസ്കാര ഹാളിനോടുചേർന്ന ഹാളിൽ അത്താഴ വിരുന്ന് സംഘടിപ്പിച്ചിരുന്നു. അഫ്സർ ജൽസാസാലാനയും നാഇബുമാരും നാളിമുമാരും ഉൾപ്പടെ 87 പേരും ലജ്ന ജൽസാ ഗാഹിന്റെ നാളിമ അഅ്‌ലായും നാഇബ് നാളിമ അഅ്‌ലായും നാളിമാത്തും ഉൾപ്പടെ 69 പേരുണ്ടായിരുന്നു.

ഹുദൂർ 7.40 ന്ഹാളിലെത്തി. ദുആയ്ക്ക് നേതൃത്വം നല്കി. ഇവരെല്ലാവരും ഹുദൂറിന്റെ സാന്നിധ്യത്തിൽ അത്താഴം കഴിച്ചു. 08.10 ന് ഹുദൂർ മസ്ജിദ് ഹാളിൽ മഗ്‌രിബ്-ഇശാഅ് ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

**നിക്കാഹ് വിളംബരങ്ങൾ**

നമസ്കാരശേഷം ഹുദൂർ അയ്യദഹുല്ലാഹ് 19 നിക്കാഹ് വിളംബരം ചെയ്തു. ഹുദൂർ നിക്കാഹ് ഖുത്വ്ബയിലെ സുന്നത്താക്കപ്പെട്ട ആയത്തുകൾ പാരായണം ചെയ്തുകൊണ്ടു പറഞ്ഞു:

ഇപ്പോൾ ഞാൻ ചില നിക്കാഹുകൾ വിളംബരം ചെയ്യുന്നതാണ്.

1. മശ്ഹൂദ് അഹ്മദ് ളഫർ സാഹിബിന്റെ (മുറബ്ബിയെ സിൽസില ജർമനി)മകൾ അസീസ മാഹിദ ളഫ്റിന്റെ നിക്കാഹ്, വസീം അഹ്മദ് ഖാൻ സഹിബിന്റെ മകൻ അസീസം ഫഹീം അഹ്മദ് ഖാനുമായി(മുറബ്ബിയെ സിൽസില സ്വിറ്റ്സർലൻഡ്)തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.
2. ലാഹോറിലെ (പാക്കിസ്താൻ) അൻവർ അഹ്മദ് സാഹിബിന്റെ മകൾ അസീസ ഫർഖാന ഖില്ലത്തിന്റെ നിക്കാഹ്, പാക്കിസ്താനിലെ അഡീഷണൽ നള്വാറത്ത് തഅ്‌ലീമുൽ ഖുർആൻ വ വഖ്ഫെ ആർസിയിലെ മുറബ്ബിയായ അസീസം ഉസാമ അദീബുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു. പെൺകുട്ടിയുടെ ഭാഗത്തുനിന്നു അവരുടെ സഹോദരൻ റാവീൽ അഹ്മദ് സാഹിബ് ജർമനിയും ആൺകുട്ടിയുടെ ഭാഗത്തു നിന്നു അദ്ദേഹത്തിന്റെ പിതാവ് അള്ഹറുൽഹഖ് സാഹിബും വക്കീൽമാരായിരുന്നു.

ത്വാലിബെ ദുആ



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'** *(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

3. മഅ്ഹൂദ് അഹ്മദ് ള്വഫർ സാഹിബിന്റെ (മുറബ്ബിയെ സിൽസില ജർമനി)മകൾ അസീസ മാഹിദ ള്വഫ്റിന്റെ നിക്കാഹ്, വസീം അഹ്മദ് ഖാൻ സഹിബിന്റെ മകൻ അസീസം ഫഹീം അഹ്മദ് ഖാനുമായി(മുറബ്ബിയെ സിൽസില സ്വിറ്റ്സർലൻഡ്)തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

4. ജർമനിയിലെ മുറബ്ബി ത്വാഹിർ അഹ്മദ് സാഹിബിന്റെ മകൾ ഉറൂബ് നാസ്വിറിന്റെ (വാഖിഫ നൗ) നിക്കാഹ് മുഹമ്മദ് സ്വാദിഖ് നാസ്വിർ സാഹിബിന്റെ മകൻ അസീസം സ്വുഹയ്ബ് നാസ്വിറുമായി (മുത്തഅല്ലിം ദർജ ശാഹിദ് ജാമിഅ അഹ്മദിയ്യ ജർമനി)തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

5. ഫ്രാങ്ക്ഫോർട്ട് ജർമനിയിലെ മുശ്ത്താഖ് അഹ്മദ് ഛട്ടാ സാഹിബിന്റെ മകൾ അസീസ നൂറുദ്ദീൻ മെഹ്റോ അഹ്മദ് (വാഖിഫ നൗ) ന്റെ നിക്കാഹ് ശാഹിദ് മഹ്മൂദ് സാഹിബിന്റെ മകൻ (ഓബ്രസ്റ്റ് ഹൗസൻ, ജർമനി) അസീസം ആമിർ മഹ്മൂദുമായി(വാഖിഫെ നൗ) തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

6. ഫ്രാങ്ക്ഫോർട്ട് ജർമനിയിലെ ഹാറൂൺ അഹ്മദ് സാഹിബിന്റെ മകൾ അസീസ യിൽസാ ഖാലിദിന്റെ(വാഖിഫ നൗ)ന്റെ നിക്കാഹ് ജർമനിയിലെ ഇർഫാൻ അഹ്മദ് സാഹിബിന്റെ മകൻ അസീസം ഖാസ്വിദ് അഹ്മദുമായി (വാഖിഫെ നൗ) തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

7. ഓഫൻബാഗ്, ജർമനിയിലെ അഹ്സൻ ജാവേദ് സാഹിബിന്റെ മകൾ അസീസ ഇംറാന ജാവേദ് അഹ്മദിന്റെ(വാഖിഫ നൗ)നിക്കാഹ് മായിൻസ് ജർമനിയിലെ ഇൽയാസ് അഹ്മദ് സാഹിബിന്റെ മകൻ അസീസം ദാനിയാൽ അഹ്മദുമായി(വാഖിഫെ നൗ) തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

8. സലീം അഹ്മദ് ത്വൂർ സാഹിബിന്റെ(നൂർദർഷ ട്ടഡ്, ജർമനി)മകൾ അസീസ ഹിസ്ബാന സലീം ത്വൂറിന്റെ(വാഖിഫ നൗ)നിക്കാഹ് മുഹമ്മദ് ഹഫീള് സാഹിബിന്റെ(റൂയിഡസ് ഹൈം, ജർമനി)മകൻ അസീസം മുഹമ്മദ് റാഹീൽ ഹഫീളുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

9. ഉൽഫത്ത് ഹുസയ്ൻ അഞ്ചുമിന്റെ(മർഹൂം ഹ്യൂഗ്ലസ് ഹൈം, ജർമനി) മകൾ അസീസ ദുർറെ മക്നൂൻ അഞ്ചുമിന്റെ(വാഖിഫ നൗ) നിക്കാഹ് മഹ്മൂദ് മുബാറക്ക് സാഹിബിന്റെ മകൻ(ഹ്യൂഗ്ലസ് ഹൈം, ജർമനി)അസീസം ഹാറൂൺ മുബാറക്കുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

10. ഫഹീം അഹ്മദ് ഭട്ടി സാഹിബിന്റെ(എഡൻഗൻ, ജർമനി)മകൾ അസീസ മുനസ്സ ഭട്ടിയുടെ നിക്കാഹ് (വാഖിഫ നൗ) നയീം അഹ്മദ് സാഹിബിന്റെ (ഹാഇൽബ്റൂൺ, ജർമനി) മകൻ അസീസം കലീം അഹ്മദുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

11. ആമിർ ഹുമയൂൺ അഹ്മദ് സാഹിബിന്റെ (കാനഡ) മകൾ അസീസ സാറാ അഹ്മദിന്റെ നിക്കാഹ് ത്വാരിഖ് അംജദ് സാഹിബിന്റെ(അമേരിക്ക)മകൻ അസീസം മുഹ്സിൻ അംജദുമായി (വാഖിഫെ നൗ)തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

12. നസീം ഇഖ്ബാൽ സാഹിബിന്റെ(ഹംബർഗ്, ജർമനി)മകൾ അസീസ സ്വദഫ് ഇഖ്ബാൽ സലീമിന്റെ നിക്കാഹ് മിർസാ നയീം അഹ്മദ് സാഹിബിന്റെ(ഹംബർഗ്, ജർമനി)മകൻ മിർസാ ത്വൽഹാ സലീമുമായി(വാഖിഫെ നൗ) തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

13. നജീബ് അഹ്മദ് മലിക് സാഹിബിന്റെ (റായിൻഹയിം, ജർമനി) മകൾ അസീസ മാഹിറാ നജീബിന്റെ നിക്കാഹ് മുഹമ്മദ് ഹനീഫ് സാഹിബിന്റെ (ഷട്ടൂട്ടൺ, ജർമനി)മകൻ മകന് അസീസം ഉഥ്മാൻ ത്വാഹിർ ഹനീഫുമായി (വാഖിഫെ നൗ)തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

14. വസീം അഹ്മദ് ബട്ട് സാഹിബിന്റെ(വേൾഡ് ബർഗ്, ജർമനി) മകൾ അസീസ മനാഹിൽ ബട്ടിന്റെ നിക്കാഹ് ബാബർ ജലാൽ സാഹിബിന്റെ (മൗർഫീൽഡൻ വാലിഡ്രൂഫ്, ജർമനി) മകൻ അസീസം അഖീൽ ബാബറുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

15. അസീസുല്ലാഹ് സാഹിബിന്റെ(ക്രോൺബർഗ്, ജർമനി) മകൾ അസീസ കാശിഫാ അസീസിന്റെ നിക്കാഹ് ഇർഫാൻ അഹ്മദ് സാഹിബിന്റെ(ദറായെ ആയിശ്, ജർമനി) മകനുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

16. മഹ്മൂദ് അഹ്മദ് സാഹിബിന്റെ (മേട്ട്മൺ ജർമനി) മകൾ അസീസ ഹാദിയാ അഹ്മദിന്റെ നിക്കാഹ് സയ്യിദ് ഹാമിദ് മഖ്ബൂൽ സാഹിബിന്റെ (നൂയീസ്, ജർമനി) മകൻ അസീസം സയ്യിദ് ശഹ്സാദ് അഹ്മദുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

17. ഖദീർ അഹ്മദ് സാഹിബിന്റെ(ബർലിൻ, ജർമനി) മകൾ അസീസ ഫാമിയാ അഹ്മദിന്റെ നിക്കാഹ് ബശാറത്ത് അഹ്മദ് വഡായിച്ച് സാഹിബിന്റെ (ഹൂഹൻ ഷട്ടായിൻ, ജർമനി) മകൻ അസീസം ഫറാസത്ത് അഹ്മദ് വഡായിച്ചുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

18. മുഹമ്മദ് അലി ഭട്ടി സാഹിബിന്റെ(റെഡ്ഷട്ടഡ്, ജർമനി) മകൾ അസീസ മുബശ്ശിറാ ഭട്ടിയുടെ നിക്കാഹ് ജർമനിയിൽ താമസമാക്കിയ പാക്കിസ്താനിലെ ലാഹോർ സ്വദേശിയായിരുന്ന മൻസ്വൂർ അഹ്മദ് ഭട്ടി സാഹിബിന്റെ മകൻ അസീസം മെഹ്റാൻ മൻസ്വൂറുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

19. പാക്കിസ്താനിലെ മുറബ്ബി ഇർശാദ് അഹ്മദ് ഖാൻ സാഹിബിന്റെ മകൾ അസീസ ഗസാല ഇർശാദിന്റെ നിക്കാഹ് നയീം അഹ്മദ് സാഹിബിന്റെ(ഫ്രാങ്ഫർട്ട്, ജർമനി) മകൻ അസീസം വലീദ് അഹ്മദ് ഖാനുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു. വധുവിന്റെ വൊലി പാക്കിസ്താനിലാണ്.വൊലിക്കു വേണ്ടി വധുവിന്റെ സഹോദരൻ മുഹമ്മദ് അമ്മാർ അഹ്മദ് ഖാൻ സാഹിബ്(ജർമനി) വക്കീലാണ്.

20. മുഹമ്മദ് അനീസ് ജഞ്ചൂഅ സാഹിബിന്റെ (ഫരീദർഷ് ഡോർഫ്, ജർമനി) മകൾ അസീസ കിരൺ ജഞ്ചൂഅയുടെ നിക്കാഹ് നദീർ അഹ്മദ് സാഹിബ് മർഹൂമിന്റെ(ബാദ്ഹോംബർഗ്, ജർമനി) മകൻ അസീസം ഗളൻഫർ അലിയുമായി തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു.

നിക്കാഹുകളുടെ വിളംബരത്തിനു ശേഷം ഹുദൂർ പറഞ്ഞു:അല്ലാഹു ഈ എല്ലാ ബന്ധങ്ങളും എല്ലാ രൂപത്തിലും അനുഗ്രഹിക്കാൻ ദുആ ചെയ്യുക. അവസാനം ഹുദൂർ ദുആക്ക് നേതൃത്വം നല്കി.

(തുടരും)

*(ബദ്ർ ഉർദു 12, 26 മാർച്ച് 2020)*

## നമ്മൾ സ്വഹാബത്തിനെപോലെ ആകണം

നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറയുന്നു:

"ലോകത്തിന് യഥാർഥ ഇസ്ലാം പഠിപ്പിക്കണമെങ്കിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ട് സ്ഥാപിച്ച ഈ നിലവാരത്തിലുളളബന്ധം അല്ലാഹുവുമായി ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിന്റെ ചിത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കോറിയിട്ടിരിക്കുന്നു. അവിടന്ന് പറയുന്നു: 'വിശുദ്ധ ഖുർആൻ അവരുടെ(സ്വഹാബത്തിന്റേ)ആദ്യത്തെ അവസ്ഥ ഇങ്ങനെ വരച്ചുകാണിച്ചത് അത്യധികം വലിയ കാര്യമാണ്. **യഅ്കുലൂന കമാ തഅ്കുലുൽ ആൻആമ** (47:13) കാലികൾ തിന്നുന്നതുപോലെയാണ് അവർ തിന്നാറുണ്ടായിരുന്നത്. കുഫ്റിന്റെ കാലത്തെ അവരുടെ അവസ്ഥ അതായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ സ്വാധീനങ്ങൾ അവരിൽ പരിവർത്തനമുണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ **യബീത്തൂന ലി റബ്ബിഹിം സുജ്ജദിൻ വ്വ ഖിയാമാ**(25:65) എന്നായി. അതായത് അവർ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ സുജൂദു ചെയ്തും നിന്നും രാത്രികൾ കഴിച്ചുകൂട്ടി.

*(മൽഫൂദാത്ത് വാള്യം 9, പേജ് 145)*

പേജ് 5 ൽ നിന്ന്

ക്കളും തങ്ങളുടെ മതത്തെ കുറിച്ച് എന്താണ് കരുതുന്നത്? അവർ തീർച്ചയായും അത് സത്യമാണെന്ന് മനസ്സിലാക്കുന്നു. യഹൂദ മതം തീർച്ചയായും ഇപ്പോൾ സത്യത്തിൽ അധിഷ്ഠിതമല്ല. എന്നാൽ, ഭൂരിപക്ഷം യഹൂദികളും അതിനെ എങ്ങനെ മനസ്സിലാക്കുന്നു എന്നതാണ് പ്രശ്നം. തീർച്ചയായും അവർ അതിനെ സത്യമാണെന്ന് കരുതുന്നു. ചുരുക്കത്തിൽ എന്റെ മതം സത്യമാണെന്നും മറ്റുള്ളവരുടേത് അങ്ങനെ അല്ലെന്നും ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് കൊല്ലുന്നത് അനുവദനീയമാണ്. ഇതാണ് കാര്യമെങ്കിൽ ഒരു ക്രിസ്ത്യാനിക്ക് എന്തുകൊണ്ട് ഒരു മുസ്‌ലിമിനെ കൊല്ലാൻ അവകാശമില്ല. ഒരു ഹിന്ദുവിന് എന്തുകൊണ്ട് മറ്റുള്ളവരെ നിർബന്ധപൂർവം ഹിന്ദു ആക്കാനും അല്ലാത്തവരെ കൊല്ലാനും പാടില്ല. ചൈനയിൽ കൺഫ്യൂഷ്യസ് മതത്തിന്റെ അനുയായികൾക്ക് മറ്റുള്ള മതക്കാരെ എന്തുകൊണ്ട് നിർബന്ധിച്ച് തങ്ങളുടെ മതത്തിൽ ചേർത്തകൂടാ. ഫിലിപ്പൈനിൽ ഇപ്പോഴും പത്തിരുപതിനായിരം മുസ്‌ലിംമീങ്ങളുണ്ട്. ഇത് അദ്ദേഹം വിവരിക്കുന്ന കാലത്തുള്ള കണക്കാണ്. ഇപ്പോൾ അതിൽ കൂടുതലുണ്ട്. അവിടെയുള്ള ക്രിസ്ത്യാനികൾക്ക് എന്തുകൊണ്ട് നിർബന്ധപൂർവം മറ്റുള്ളവരെ ക്രിസ്ത്യാനികളാക്കിക്കൂടാ. അമേരിക്കയിലുള്ളവർക്ക് അവിടെ താമസിക്കുന്ന മുസ്‌ലിമീങ്ങളെ എന്തുകൊണ്ട് ക്രിസ്ത്യാനികളാക്കിക്കൂടാ. റഷ്യക്കാർക്ക് എന്തുകൊണ്ട് എല്ലാവരെയും നിർബന്ധപൂർവം ക്രിസ്ത്യാനികളോ കമ്മ്യൂണിസ്റ്റോ ആക്കിക്കൂടാ. മുസ്‌ലിമീങ്ങൾക്ക് മറ്റുള്ളവരെ നിർബന്ധപൂർവം തങ്ങളുടെ വിശ്വാസത്തിലേക്ക് കൊണ്ടുവരാമെങ്കിൽ അതേ അവകാശംതന്നെ ബുദ്ധിപരമായി നോക്കുകയാണെങ്കിൽ മറ്റുള്ളവർക്കുമുണ്ട്. എന്നാൽ, ഇങ്ങനെയുള്ള അവകാശം നടപ്പിൽ വരുത്തിയാൽ ലോകത്ത് എപ്പോഴെങ്കിലും സമാധാനം നിലനിറുത്താൻ കഴിയുമോ?

ഈ അവകാശം നടപ്പിൽ വരുത്തിക്കൊണ്ട് നിങ്ങൾക്ക് മകനോട് ഈ വിഷയം ശരിയാണെന്ന പറയാൻ കഴിയുമോ? അതല്ല ഭാര്യയോട് ഈ വിഷയം ശരിയാണെന്ന് പറയാൻ കഴിയുമോ? അതായത് ക്രിസ്ത്യാനികൾക്ക് മുസ്‌ലിമീങ്ങളെ നിർബന്ധപൂർവം ക്രിസ്ത്യാനികളാക്കാമെന്നും മുസ്‌ലിമീങ്ങൾക്ക് നിർബന്ധപൂർവം ക്രിസ്ത്യാനികളെ മുസ്‌ലിമീങ്ങളാക്കാമെന്നും ഇറാനികൾക്ക് എല്ലാ ഹനഫികളേയും ശിയാക്കളാക്കാനുള്ള അവകാശം ഉണ്ടെന്നും ഹനഫികൾക്ക് എല്ലാവരെയും നിർബന്ധപൂർവം സുന്നികളാക്കാമെന്നുമാണോ? ചുരുക്കത്തിൽ ഇതെല്ലാം യുക്തിക്കെതിരായ കാര്യങ്ങളാകുന്നു. ഒരു മനുഷ്യനും ഒരു നിമിഷനേരത്തേക്കുപോലും ഇതംഗീകരിക്കാൻ സാധ്യമല്ല. കഴിഞ്ഞ കടന്ന പ്രവാചകന്മാരുടെ സമൂഹങ്ങൾ ദൈവിക സന്മാർഗ്ഗത്തെ നിരാകരിച്ചപ്പോഴെല്ലാം അല്ലാഹു അവരെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:

**അനുൽസിമുക്കുമൂഹാ വ അൻതും ലഹാ കാരിഹൂൻ**(11:29) എങ്കിൽ നിങ്ങൾ അതു വെറുത്തുകൊണ്ടിരിക്കെ ഞങ്ങൾ അതിനായി നിങ്ങളെ നിർബന്ധിക്കുമോ?

അതായത് നിങ്ങൾ സ്വയം സന്മാർഗത്തെ പ്രാപിക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ നാം നിർബന്ധപൂർവം നിങ്ങൾക്ക് സന്മാർഗം നൽകുന്നതല്ല. എന്നാൽ, ഖേദകരമെന്ന് പറയട്ടെ, വർത്തമാന കാല മുസ്‌ലിമീങ്ങളിൽ ഈ തത്ത്വം അംഗീകരിക്കുന്നവരുമുണ്ട്. മാത്രമല്ല ഈ സമയത്ത് ഭൂരിപക്ഷം മുസ്‌ലിമീങ്ങളും അതാണ് പറയുന്നതെന്നും കാണുന്നു. ലോകം ഈ വിഷയത്തെ മനസ്സിലാക്കുകയാണെങ്കിൽ തീർച്ചയായും അക്രമവും വിദ്വേഷവും മതരാഷ്ട്രീയ കാര്യങ്ങളിൽ ഇല്ലാതാവുകയും ജനങ്ങൾ തങ്ങളുടെ വിശ്വാസം മറ്റുള്ളവരിലേക്ക് അടിച്ചേല്പിക്കാതിരിക്കുകയും തങ്ങളുടെ രാഷ്ട്രീയ സംവിധാനം മറ്റുള്ള രാജ്യങ്ങളിലേക്ക് നിർബന്ധപൂർവം നടപ്പാക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നതായിരിക്കും.' *(തഫ്സീറെ കബീർ വാള്യം 7, പേജ് 606-607)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്‌ലാം വാളുകൊണ്ടു പ്രചരിച്ച മതമാണെന്ന് എതിർപക്ഷം എവിടന്ന് ഗ്രഹിച്ചു. അവരോടു ഇതാരുപറഞ്ഞു? വിശുദ്ധ ഖുർആനാകട്ടെ ഈ ആരോപണത്തെ നിഷേധിക്കുന്നു. അതു പറയുകയാണ് **ലാ ഇക്റാഹ ഫിദ്ദീൻ,** മതത്തിൽ ഒരു ബലാൽക്കാരവുമില്ല. അല്ലാഹു തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം വ്യക്തമാക്കിയിരിക്കെ,പിന്നെ ആരാണ് ബലാൽക്കാരത്തിന് ആജ്ഞ നൽകിയത്. അങ്ങനെ നിർബന്ധിച്ച് ജനങ്ങളെക്കൊണ്ടു വിശ്വസിപ്പിക്കാനുള്ള സാമഗ്രികളെവിടെ? ബലാൽക്കാരേണ മതപരിവർത്തനം ചെയ്യപ്പെട്ടവർ, നബി(സ)തിരുമേനിയുടെ സഹചരരെപ്പോലെ, സ്ഥിരചിത്തതയും ത്യാഗസന്നദ്ധതയും പ്രകടിപ്പിക്കാൻ മാത്രമുള്ള ഭക്തിശ്രദ്ധയും ആത്മാർഥതയുമുള്ളവരായിത്തീർന്നുവെന്നോ? തിരുസഹചരരുടെ സംഖ്യ രണ്ടുംമൂന്നു ശതമാനം മാത്രമായിത്തീർന്നപ്പോൾ അവർ പ്രതിഫലേച്ഛ കൂടാതെ സഹസ്രസംഘത്തോടു പൊരുതി. അവരുടെ എണ്ണം ആയിരമായപ്പോൾ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുവാൻ അവർ ആടുമാടുകളെപ്പോലെ തങ്ങളുടെ ശിരസ്സുകൾ കൊയ്തുകൊള്ളുവാൻ കാട്ടിക്കൊടുക്കുകയും സ്വന്തം രക്തത്താൽ ഇസ്‌ലാമിന്റെ സത്യത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഏകദൈവതത്ത്വം സർവത്ര പ്രചരിപ്പിക്കുവാൻ അവർ വെമ്പൽകൊണ്ടു. വിശപ്പും ദാഹവും സഹിച്ചുകൊണ്ട് അവർ ഒരു ഭാഗത്ത് ആഫ്രിക്കയിലെ മണലാരണ്യംവരെ ഇസ്‌ലാംമതത്തെ പ്രബോധിച്ചപ്പോൾ മറുഭാഗത്ത് അവർ കഷ്ടതകൾ വരിച്ചുകൊണ്ട് ചീനാ രാജ്യത്തുപോലും ചെന്നെത്തി. രണോത്സുകരായ ഭടന്മാരായിട്ടല്ല, കേവലം ഇസ്‌ലാം മതത്തെ പ്രബോധിക്കുവാൻ നിസംഗരായ ദർവേശു(വിരാഗി)മാരായിട്ടത്രെ അവർ അവിടെ പ്രവേശിച്ചത്. അവരുടെ പ്രബോധനവേല ആ രാജ്യത്തിൽ കോടിക്കണക്കിൽ മുസ്‌ലിമീങ്ങളുണ്ടായിത്തീരുമാറുള്ള തരത്തിൽ അനുഗൃഹീതമായി ഭവിച്ചു. പിന്നെ അവർ ചാക്കുവസ്ത്രധാരികളായ ദർവേശുമാരായി നമ്മുടെ ഇന്ത്യയിലും വന്നു. അവരുടെ ഉപദേശത്തിന്റെ ഫലമായി ആര്യാവർത്തത്തിന്റെ ജനസഞ്ചയങ്ങളിൽ പെട്ടുവളരെ പേർ ഇസ്‌ലാംമതം ആശ്ലേഷിക്കുമാറായി. അനന്തരം ആദിമ മുസ്‌ലിമീങ്ങൾ പശ്ചിമദിക്കിലേക്ക് തിരിഞ്ഞു. യൂറോപ്പിന്റെ അതിർത്തികളിലോളം ഏകദൈവസിദ്ധാന്തം പ്രചരിപ്പിക്കുകയുണ്ടായി.

സത്യതൽപരരായുള്ളവരേ! നിങ്ങൾ ആത്മാർഥതയോടെ സാക്ഷി പറയുവിൻ. ഇതെല്ലാം ബലാൽക്കാരം മുഖേന ഇസ്‌ലാംമതം വിശ്വസിച്ചവരുടെ, അതായത് നാവിൽമാത്രം വിശ്വാസവും ഹൃദയത്തിൽ അവിശ്വാസവുമുള്ള കാപട്യമൂർത്തികളുടെ പ്രവൃത്തിയാണോ?അല്ല, ഒരിക്കലുമല്ല. ഏവരുടെ ഹൃദയം സത്യവിശ്വാസദീപ്തിയിൽ പ്രകാശമാനമായിത്തീരുകയും സത്യസ്വരൂപനായ ദൈവത്തിന്റെ പ്രേമാതിരേകംകൊണ്ട് പരിപൂരിതമായി ഭവിക്കുകയും ചെയ്തുവോ അങ്ങനെയുള്ളവരുടെ കർമവിലാസമാകുന്നു.' *(പേഗാമെ സുൽഹ് റൂഹാനീഖസാഇൻ വാള്യം 23, പേജ് 468-469)*

ഈ വിശുദ്ധ ഖുർആനിലെ ആയത്തുകളുടെയും പാഠങ്ങളുടെയും വെളിച്ചത്തിൽ വ്യക്തമാകുന്നത് മതപരിത്യാഗിക്കുള്ള ശിക്ഷ വധമല്ലെന്നാണ്. ഇനി ഉദിക്കുന്ന പ്രശ്നം മതപരിത്യാഗിക്കുള്ള ശിക്ഷ വധമല്ലെങ്കിൽ ഹദ്റത്ത് അബുബക്ർ(റ) എന്തിനാണ് മുർത്തദ്ദീങ്ങളെ കൊല്ലുകയും കൊല്ലാൻ കൽപിക്കുകയും ചെയ്തത്? എന്നതാണ്.

യാഥാർഥ്യമെന്തെന്നാൽ, ചരിത്ര പഠനത്തിൽ നിന്നു വളരെ എളുപ്പത്തിൽ മനസ്സിലാകുന്നത് ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിൽ മുർത്തദ്ദാകുന്നവർ കേവലം മുർത്തദ്ദാകുക മാത്രമായിരുന്നില്ല, പ്രത്യുത അവർ കലാപകാരികളുമായിരുന്നുവെന്നതാണ്. രക്തച്ചൊരിച്ചിൽ ആഗ്രഹിച്ച കലാപകാരികൾ! അവർക്ക് മദീന രാജ്യത്ത് മാത്രം മുസ്‌ലിമീങ്ങളെ കൊന്നൊടുക്കാനുള്ള ഭയാനകമായ പദ്ധതി മാത്രമല്ല ഉണ്ടായിരുന്നത്. മറിച്ച് വ്യത്യസ്ത പ്രദേശങ്ങളിൽ മുസ്‌ലിമീങ്ങളെ തിരഞ്ഞു പിടിച്ച് നിർദാക്ഷിണ്യം കൊല്ലുക എന്നതായിരുന്നു. അവരുടെ അവയവങ്ങൾ അറുത്തുമാറ്റി വികൃതമാക്കി. അവരെ ജീവനോടെ തീയിൽ ചുട്ടെരിച്ചു. ഈ മുർത്തദ്ദീങ്ങൾ അക്രമവും കൊല്ലും കൊലയും കലാപവും പിടിച്ചുപറിയും തുടങ്ങിയ ഭയാനകമായ കുറ്റങ്ങൾ ചെയ്തവരായിരുന്നു. അതുകാരണം പ്രതിരോധവും പ്രതികാരവും എന്ന നിലയ്ക്ക് യുദ്ധക്കൊതിയരായ അവരോട് യുദ്ധം ചെയ്യേണ്ടി വന്നതാണ്. **ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മ്മിഥ്‌ലുഹാ** തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്(42:41) ഇതിന്റെ അടിസ്ഥാനത്തിൽ ഏതു തരത്തിലുള്ള കുറ്റകൃത്യങ്ങളിലാണോ അവർ മുഴുകിയിരുന്നത് അതേ രീതിയിൽ ത്തന്നെ ശിക്ഷകൾ കൊടുത്ത് വധിക്കുന്നതിനുള്ള കൽപന നൽകപ്പെട്ടതാണ്. ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും ജീവചരിത്രങ്ങളിൽനിന്നും കുറച്ച് വിശദീകരണങ്ങൾ സമർപിക്കുന്നതാണ്.

താരീഖുൽഖുമയ്സിൽ എഴുതിയിരിക്കുന്നു: മുർത്തദ്ദീങ്ങളിൽപ്പെട്ട ഖാരിജ ബിൻ ഹിസ്ൻ തന്റെ സമുദായത്തിലെ കുറച്ചു യോദ്ധാക്കളെയുംകൊണ്ട് മദീനയിലേക്കു നീങ്ങി. അയാൾ ആഗ്രഹിച്ചത് മദീനക്കാർ യുദ്ധത്തിന് പുറപ്പെടുന്നതിനു മുമ്പേ തടയാ

മെന്നാണ്. അല്ലെങ്കിൽ അവർ അശ്രദ്ധരാണെന്ന് കാണുമ്പോൾ ആക്രമിക്കാമെന്നാണ്. അങ്ങനെ അയാൾ ഹദ്റത്ത് അബൂബക്റിന്റേയും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന മുസ്‌ലിമീങ്ങളുടേയുംമേൽ അവർ അശ്രദ്ധരായിരിക്കെ മിന്നലാക്രമണം നടത്തി. *(താരീഖുൽഖുമയ്സ്, വാല്യം 3, പേജ് 173, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ 2009)*

മുർത്തദ്ദീങ്ങൾ മദീനയിൽ മാത്രമല്ല ആക്രമണം നടത്തിയത്. മറിച്ച് ഹദ്റത്ത് അബൂബക്ർ അവരെ പരാജയപ്പെടുത്തിയപ്പോൾ അവർ സത്യസന്ധരായ മുസ്‌ലിമീങ്ങളെയും വാളിന്നിരയാക്കി. അവർ ഈ ഗോത്രങ്ങൾക്കിടയിൽ വസിക്കുന്നവരായിരുന്നു. അതെ കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചു കഴിഞ്ഞതാണ്. അവർ തങ്ങളുടെ സമുദായങ്ങൾ മുർത്തദ്ദീങ്ങൾ ആയിട്ടുപോലും ഇസ്‌ലാമിൽ നിലനിന്നവരായിരുന്നു.

അല്ലാമാ ത്വബരി എഴുതുന്നു: ഹദ്റത്ത് അബൂബക്ർ അക്രമികളായ വിവിധ ഗോത്രങ്ങളെ പരാജയപെടുത്തിയപ്പോൾ ബനൂ ദുബ്‌യാനും അബസും ഈ മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണം നടത്തി. ഇവർ അവർക്കിടയിൽ തന്നെ വസിക്കുന്നവരായിരുന്നു. അവരെ എല്ലാ നിലയ്ക്കും വധിക്കുകയുണ്ടായി. അതിനുശേഷം മറ്റു സമൂഹങ്ങളും ഇതുതന്നെ അനുവർത്തിച്ചു. അതായത് ഇസ്‌ലാമിൽ നിലനിന്നവരെ അവരും വധിക്കുകയുണ്ടായി. *(താരീഖു ത്വബ്‌രി, വാല്യം 2, പേജ് 256, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

അല്ലാമാ ഇബ്നു അഥീർ എഴുതുന്നു: ബനൂ ദുബ്‌യാൻ, അബസ് ഗോത്രങ്ങൾ തങ്ങൾക്കിടയിൽ ഉണ്ടായിരുന്ന നിസ്സഹായരായ മുസ്‌ലിമീങ്ങളെ നിർദാക്ഷിണ്യം കൊല്ലാൻ തുടങ്ങി. അതു കണ്ടപ്പോൾ മറ്റു ഗോത്രങ്ങളും അങ്ങനെതന്നെ ചെയ്തു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) സത്യം ചെയ്തു കൊണ്ടു പറഞ്ഞു: ‘മുസ്‌ലിമീങ്ങളെ വധിച്ച എല്ലാ ഗോത്രങ്ങളിലെ ആളുകളേയും തീർച്ചയായും വധിക്കുന്നതാണ്.’ *(അൽബിദായ വന്നിഹായ, ലി ഇബ്നി കഥീർ വാല്യം 3, ഭാഗം 6, പേജ് 310, ഫസ്‌ലുൻ ഫീ തസ്വദ്ദിസ്സിദ്ദീഖി ലി അഹ്‌ലിർരിദ്ദ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നേരത്തെ പറഞ്ഞിരുന്നതുപോലെ നബി(സ) തിരുമേനിയുടെ വഫാത്തിൽ മുർത്തദ്ദായ ഗോത്രങ്ങൾ മതപരമായ ഭിന്നതയിൽമാത്രം മുർത്തദ്ദീങ്ങളായതല്ല. മറിച്ച് അവർ ഇസ്‌ലാമിക രാജ്യത്തിന്നെതിരിൽ കലാപമാർഗം അവലംബിച്ചു. അവർ വാളുകളേന്തി പരിശുദ്ധ മദീനയെ ആക്രമിച്ചു. താന്താങ്ങളുടെ ഗോത്രങ്ങളിലുണ്ടായിരുന്ന മുസ്‌ലിമീങ്ങളെ അരുംകൊല ചെയ്തു. അവരെ തീയിലിട്ടു. അവരുടെ മൃതദേഹങ്ങൾ വികൃതമാക്കി. താരീഖ് ത്വബരിയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു: അസദ്, ഗത്ഫാൻ, ഹവാസിൻ , സുലഇം, ത്വയ് ഗോത്രങ്ങൾക്ക് പരാജയമു ണ്ടായപ്പോൾ ഖാലിദ്(റ)അവരുടെ മാപ്പു സ്വീകരിച്ചില്ല. മറിച്ച് മുർത്തദ്ദായ അവസ്ഥയിൽ മുസ്‌ലിമീങ്ങളെ തീയിലിടുകയും മൃതദേഹങ്ങൾ വികൃതമാക്കുകയും ആക്രമണങ്ങൾ നടത്തുകയും ചെയ്തവരെ തന്റെ മുന്നിൽ കൊണ്ടുവരാൻ ആവശ്യപ്പെട്ടു.’ *(താരീഖു ത്വബ്‌രി, വാല്യം 2, പേജ് 265, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2012)*

അല്ലാമാ ഇബ്നു ഖൽദൂൻ എഴുതുന്നു: ‘അറേബ്യൻ ദീപിലെ ഈ മുർത്തദ്ദ് ഗോത്രങ്ങൾ അബൂബക്റിനും മുസ്‌ലിമീങ്ങൾക്കുമെതിരിൽ യുദ്ധം ചെയ്യാൻ മദീനയെ  ലക്ഷ്യമാക്കി തിരിച്ചു. *(താരീഖ് ഇബ്നു ഖൽദൂൻ, വാല്യം 2, പേജ് 436,ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2016)*

താരീഖ് ത്വബ്‌രിയിൽ എഴുതുന്നു: ഏറ്റവുമാദ്യം അബസും ദുബ്‌യാനുമണ് ആക്രമണം നടത്തിയത്. അതുകൊണ്ട് ഹദ്റത്ത് അബൂബക്റിന് ഹദ്റത്ത് ഉസാമ തിരിച്ചു വരുന്നതിന് മുമ്പേതന്നെ അവരുമായി യുദ്ധം ചെയ്യേണ്ടി വന്നു. *(താരീഖ്  അത്ത്വബ്‌രി ലി ഇബ്നി ജരീർ അത്ത്വബരി, വാല്യം 2, പേജ് 254, പ്രസാധകർ ദാറുൽ ഫിക്ർ 2002)*

അല്ലാമ ഇബ്നുഖൽദൂൻ എഴുതുന്നു: റബീഅ ഗോത്രം മുർത്തദ്ദായിപോയി. അവർ മുൻദിർ ബിൻ നുഅ്മാനിനെ മുന്നിൽ നിറുത്തി. അയാളുടെപേര് ‘അഹങ്കാരി’ എന്ന് പതിഞ്ഞിട്ടുണ്ടായിരുന്നു. അവർ അയാളെ രാജാവാക്കി. *(താരീഖ് ഇബ്നുഖൽദൂൻ വാല്യം 2, പേജ് 439–440, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2016)*

ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമാ അയ്നീ എഴുതുന്നു: ഹദ്റത്ത് അബൂബക്ർ(റ) സക്കാത്ത് നല്കാത്തവരോടു യുദ്ധം ചെയ്യാൻ കാരണം  അവർ വാളുകൾകൊണ്ട് സക്കാത്ത് തടയുകയും മുസ്‌ലിം ഉമ്മത്തിനെതിരിൽ യുദ്ധം ചെയ്യുകയും  ചെയ്തതാണ്. *(ഉംദത്തുൽഖാരി, കിതാബു ഇസ്തിതാബത്തുൽ മുർത്തദ്ദീൻ വൽ മുആനിദീൻ വ ഖിത്താലഹും, വാല്യം 24, പേജ് 122, ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

അല്ലാമാ ശൗഖാനി വിവരിക്കുന്നു: നബി(സ)തിരുനബിയുടെ വഫാത്തിനുശേഷം മുർത്തദ്ദാ യവരേയും സക്കാത്തും മറ്റും നൽകാൻ വിസമ്മതിച്ചവരേയും കുറിച്ച് വിവിധ കാര്യങ്ങൾ എഴുതിയതിനു ശേഷം പറയുന്നു: ഇക്കൂട്ടർ യഥാർഥത്തിൽ കലാപകാരികൾ മാത്രമായിരുന്നു. അവർ മുർത്തദ്ദ് എന്ന് പറയപ്പെടാൻ കാരണം അവർ മുർത്തദ്ദീങ്ങളുടെ സംഘങ്ങളിൽ ഉൾപ്പെട്ടതുകൊണ്ടു കൂടിയാണ്. *(നയ്‌ലുൽ ഔത്വാർ ലിഅല്ലാമ മുഹമ്മദു അശ്ശൗക്കാനീ, കിതാബുസ്സക്കാത്ത്പേജ് 724, ദാറുൽ കിതാബുൽ അൽഅറബി, ബെയ്റുത്ത് 2004)*

ഒരു ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിൽ കൂടെക്കൂടെ മുർത്തദ്ദായവരെ സംബന്ധിച്ച് കലാപകാരികളെന്നും മറ്റും എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: നബി(സ) തിരുമേനി വഫാത്തായെന്ന വാർത്ത അറേബ്യയിൽ മുഴുവൻ പരന്നു. എല്ലാ ഭാഗത്തും കലാപത്തിന്റെ തീപ്പൊരികൾ ഉണ്ടായിത്തുടങ്ങി. ഈ തീപ്പൊരികളുടെ വലയത്തിൽ ഏറ്റവുമധികം അകപ്പെട്ടത് യമൻ പ്രദേശമായിരുന്നു. തീ ആളിക്കത്തിച്ച വ്യക്തിയായ ‘അൻസി’ കൊലചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. ബനൂ ഹനീഫയിൽ മുസയ്‌ലിമയും ബനൂ അസദിൽ ത്വുലയ്ഹയും നുബുവ്വത്ത് വാദിച്ചുകൊണ്ടു ആയിരക്കണക്കിനാളുകളെ തങ്ങളോടൊപ്പം കൂട്ടി. ജനങ്ങൾ ഇങ്ങനെ പറഞ്ഞു തുടങ്ങി: ‘അസദിന്റേയും ഗത്ഫാന്റേയും ഹലീഫ് ഗോത്രങ്ങളുടേയും നബി, നമുക്കെപ്പോഴും ഖുറയ്ശികളുടെ നബിയേക്കളേറെ പ്രിയപ്പെട്ടവനാകുന്നു. കാരണം മുഹമ്മദ്(സ) വഫാത്തായിരിക്കുന്നു. ത്വുലയ്ഹ ജീവനോടെ ഇരിക്കുന്നു.’ ഈ കലാപങ്ങളെ സംബന്ധിച്ച് ഹദ്റത്ത് അബൂബക്റിന് വിവരം കിട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: ‘നമുക്കു മറ്റു പ്രദേശങ്ങളിലെ കൈകാര്യകർത്താക്കന്മാരുടെയും അമീർമാരുടെയും ഭാഗത്തുനിന്ന് എല്ലാ കാര്യങ്ങളെ സംബന്ധിച്ചും പൂർണമായ റിപ്പോർട്ടു കിട്ടുന്നതുവരെ കാത്തിരിക്കേണ്ടതുണ്ട്. അധികദിവസം കഴിയേണ്ടി വന്നില്ല അമീർമാരിൽ നിന്ന് റിപ്പോർട്ടു വന്നു തുടങ്ങി. ആ റിപ്പോർട്ടുകളിൽനിന്ന് വ്യക്തമായും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നത് എന്തെന്നാൽ, കലാപകാരികളുടെ കൈകളിൽ ഇസ്‌ലാമിക സാമ്രാജ്യം മാത്രമല്ല അപകടത്തിലായിരുന്നത് പ്രത്യുത മുർത്തദ്ദീങ്ങളുടെ ഒഴുക്കിൽ രാജ്യദ്രോഹികളോടൊപ്പം നിൽക്കാത്തവരും ഇസ്‌ലാമിൽ അടിയുറച്ചുനിന്നവരും അപകടാവസ്ഥയിലായിരുന്നു. ഇത്തരം ഒരവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്(റ) വളരെ ശക്തമായി കലാപത്തെ നേരിടുകയും കലാപകാരികളെ എല്ലാ നിലയ്ക്കും അമർച്ച ചെയ്യുകയു മല്ലാതെ വേറെ നിർവാഹമൊന്നുമുണ്ടായിരുന്നില്ല. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 131, ഇൽമ് വ ഇർഫാൻ പബ്ലീഷേർസ് ലാഹോർ)*

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: മുർത്തദ്ദീങ്ങളെ അടിച്ചൊതുക്കുക എന്നതായിരുന്നു ഹദ്റത്ത് അബൂബക്റിന്റെ മുന്നിലുണ്ടായിരുന്നത്. കാരണം അവർ അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ വഞ്ചനയുടെ തീജ്വാലകൾ ഊതിപ്പെരുപ്പിക്കുകയായിരുന്നു. അവരുടെ കൈകളാൽ ഇസ്‌ലാമിന്റെ വിളക്കിനും അതിന്റെ വർണശലഭങ്ങൾക്കും ശക്തമായ ഭീഷണിയുണ്ടായിരുന്നു. *(സയ്യിദുനാ അബൂബക്ർ, അബുന്നസ്ർ  മുത്തർറജിം പേജ് 603)*

മറ്റൊരു ഗ്രന്ഥകാരൻ എഴുതുന്നു: നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം നിരവധി അറബ് മൂപ്പന്മാർ മുർത്തദ്ദീങ്ങളായി. അവർ എല്ലാവരും താന്താങ്ങളുടെ തലങ്ങളിൽ ഭരണാധിപന്മാരായി. ഗവേഷകരുടെ വീക്ഷണത്തിൽ ഈ മതനിരാസം അധികവും രാഷ്ട്രീയപരമായിരുന്നു. മതപരമായ പരിത്യാഗം വളരെ കുറഞ്ഞ രീതിയിലെ ഉണ്ടായിരുന്നുള്ളു. നബി(സ)തിരുമേനിയുടെ ഇഹലോക ജീവിതത്തിന്റെ അവസാന നാളുകളിൽ അറേബ്യയിലെ ചില ഗോത്രങ്ങളുടെ നേതാക്കന്മാർ തങ്ങളുടെ കലാപ  രാഷ്ട്രീയ പദ്ധതികൾക്ക് മതപരിവേഷം നൽകാൻ നുബുവ്വത്ത് വാദിക്കുകയും ചെയ്തു. *(ഖുലഫായെ റാശിദീൻ, ഹക്കീം മുഹമ്മദു ളഫ്ർ, പേജ് 58, പ്രസാധനം തഖ്‌ലീഖാത്തെ അക്റം ആർക്കിഡ് ലാഹോർ)*

ഏതായിരുന്നാലും ഈ വിഷയം തുടരുന്നതാണ്. ഇതിന്റെ ബാക്കി ഭാഗം ഇൻശാഅല്ലാഹ് പിന്നീടു സമർപ്പിക്കുന്നതാണ്. ഈ ചരിത്രങ്ങളുടെയെല്ലാം രത്നച്ചുരുക്കം മുർത്തദ്ദാകുന്ന ഗോത്രങ്ങൾ സക്കാത്തിന്റെ തുക തടസ്സപ്പെടുത്തിയിരുന്നു എന്നതാണ്. അതായത് ഭരണകൂടത്തിനുള്ള ടാക്സ്

ബലം പ്രയോഗിച്ച് തടസ്സപ്പെടുത്തി. ചില സ്ഥലങ്ങളിൽ സക്കാത്തിന്റെ തുക കൊള്ള യടിച്ചു. സക്കാത്തിന്റെ തുക കൊള്ളയടി ച്ചുകൊണ്ട് സൈന്യങ്ങളെ തയ്യാറാക്കി തലസ്ഥാനമായ മദീനക്കുമേൽ ആക്രമണം നടത്തി. മുർത്തദ്ദാകാൻ വിസമ്മതിച്ച മു സ്‌ലിമീങ്ങളെ കൊലപ്പെടുത്തി. ചിലരെ ജീവനോടെ ചുട്ടെരിച്ചു. അതുകൊണ്ട് ഭരണകൂടത്തിനെതിരിൽ കലാപം ഉയർത്തിയ അത്തരം സായുധരായ കലാപകാരികൾ ഭരണകൂടത്തിന്റെ ധനം കൊള്ളയടിക്കുകയും മുസ്‌ലിമീങ്ങളെ അറുകൊലചെയ്യുകയും അവരെ ജീവനോടെ ചുട്ടെരിക്കുകയും ചെയ്തപ്പോൾ അവർ വധശിക്ഷക്ക് അർ ഹരായി തീരുകയായിരുന്നു. വിശുദ്ധ ഖുർ ആനിൽ പറഞ്ഞതുപോലെ: **ജസാഉ സയ്യി അത്തിൻ സയ്യിഅത്തുൻ മ്മിഥ്‌ലുഹാ** തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്(42:41) കുറ്റവാളിക്ക് അയാളുടെ കുറ്റത്തിന് അനുസൃതമായ ശിക്ഷ ന ൽകുന്നതിനെ കുറിച്ച് മറ്റൊരു സ്ഥലത്ത് പറയുന്നു: **ഇന്നമാ ജസാഉല്ലദീന യുഹാ രിബൂനല്ലാഹ വ റസൂലഹൂ വ യസ്ഔന ഫിൽഅർളി ഫസാദൻ അൻയ്യുഖത്തലൂ ഔ യുസല്ലബൂ ഔ തുഖത്ത്വഅ അയ്ദീഹിം ഔ അർജുലുഹും മിൻ ഖിലാഫിൻ ഔ യുൻഫൗ മിനൽഅർളി**(5:34) അല്ലാഹുവി നോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യു കയും നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനായി യത്നിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ, അവരെ വധിക്കുകയോ ക്രൂശിക്കുകയോ, അല്ലെങ്കിൽ അവരുടെ കൈകാലുകൾ വിപ രീതഭാഗത്തുനിന്ന് ഛേദിച്ചുകളയുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യുക മാത്രമാണ്.

അല്ലാഹുവിനനോടും അവന്റെ റസൂലി നോടും യുദ്ധം ചെയ്യുന്നവർ, അതായത് ദൈവദൂതനും ദൈവദൂതന്റെ ഖലീഫക്കും ഇസ്‌ലാമിക ഭരണത്തിനുമെതിരിൽ യുദ്ധം ചെയ്യുകയാണെങ്കിൽ, കാരണം അല്ലാഹുവി നെതിരിൽ യുദ്ധം ചെയ്യുക സാധ്യമല്ലല്ലോ, അല്ലാഹുവിനെ അടിക്കാനോ കല്ലെറിയാനോ അമ്പെയ്യാനോ സാധ്യമല്ല, അതുകൊണ്ട് അവരുമായുള്ള യുദ്ധം കൊണ്ടുദ്ദേശിക്കുന്നത് ഇതാകുന്നു. ഇതിൽ അല്ലാഹുവിനും അവ ന്റെ റസൂലിനും എതിരിലുള്ള യുദ്ധം എന്നാണ് വിവക്ഷിതം. ഇതിന്റെ വിശദീ കരണം ഇപ്രകാരമാണ്. ആരെങ്കിലും അല്ലാഹുവിനും അവന്റെ റസൂലിനുമെതിരിൽ യുദ്ധം ചെയ്യുകയാണെങ്കിൽ അതായത് രാജ്യത്ത് കുഴപ്പമുണ്ടാക്കുകയും കൊല്ലും കൊലയും കൊള്ളയും സായുധ കലാപ വും നടത്തുകയാണെങ്കിൽ അവർക്കുള്ള ശിക്ഷ **യുഖത്തലൂ ഔ യുസല്ലബൂ** അവരെ കൊല്ലുകയോ ക്രൂശിച്ചുകൊല്ലുകയോ ചെയ്യു കയെന്നതാണ്. ഏതായിരുന്നാലും ഞാൻ കുറച്ചുകൂടി പറയുകയുണ്ടായി. ഇൻശാ അല്ലാഹ് ഞാൻ പറഞ്ഞതുപോലെ അടുത്ത തവണ വിവരിക്കുന്നതാണ്.

ഈ സമയത്ത് ഞാൻ ചില മർഹൂമീങ്ങളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. നമ സ്കാരത്തിനുശേഷം അവരുടെ ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്.

റിട്ടയേർഡ് മുറബ്ബിയായ മുഹമ്മദ് ബശീർ ശാദ് സാഹിബിനെ കുറിച്ചാണ് ആദ്യമായി അനുസ്മരിക്കുന്നത്. അദ്ദേഹം അമേരിക്കയിലായിരുന്നു. 91-മത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* അദ്ദേഹത്തിന്റെ പിതാ വിന് 1926-ൽ ബയ്അത്തു ചെയ്യാൻ തൗഫീ ഖ് ലഭിച്ചു. 1945-ൽ മിഡിൽ പാസ്സ് ആയി. ജാമിയ അഹമ്മദിയ്യയിൽ ചേർന്നു. 1952 ൽ അറബി ഫാസിൽ പരീക്ഷ നല്ല നിലയിൽ പാസ്സായി. 1954-ൽ റബ്‌വയിലെ ജാമിഅത്തുൽ മുബശ്ശിരീനിൽ നിന്ന് ശാഹിദ് ഡിഗ്രി കര സ്ഥമാക്കി. പിന്നെ ഒരു വർഷം വൈദ്യം പഠിച്ചു. 56 മുതൽ 57 വരെ അദ്ദേഹത്തി ന് റബ്‌വയിലെ വക്കാലത്തുത്തബ്ശീറിൽ സേവനത്തിന് അവസരം ലഭിച്ചു. 1958-ൽ സിയറ ലിയോണിലേക്ക് പോയി. അവിടെ മുബല്ലികഗായാണ് നിയമിക്കപ്പെട്ടത്. അവി ടെയുള്ള പല സ്ഥലങ്ങളിലും സേവനത്തിന് അവസരം ലഭിച്ചു. സിയറ ലിയോണിൽ പ്രെസ്സിലും അദ്ദേഹം ജോലി ചെയ്യുക യുണ്ടായി. പിന്നെ അദ്ദേഹത്തെ നൈ ജീരിയായയിൽ നിയമിച്ചു. അവിടെയും അദ്ദേഹം നല്ലരീതിയിൽ ജോലി ചെയ്തു. 64-ൽ നൈജീരിയായിൽനിന്ന് മൂന്ന് വർ ഷത്തിനുശേഷം അദ്ദേഹത്തെ തിരിച്ചു വി ളിച്ചു. 64-ൽ വീണ്ടും അദ്ദേഹത്തെ തിരിച്ച് നൈജീരിയായിലേക്കുതന്നെ അയച്ചു. 67-ൽ മർഹൂം ബെനിനിൽ തബ്‌ലീഗ് പര്യടനത്തിനു പോകുകയും അവിടെ പ്രാദേശിക തലത്തിൽ പരിപാടികൾ നടത്തി. വലിയ രീതിയിൽ ബയ്അത്തുണ്ടാക്കാൻ അല്ലാഹു അദ്ദേ ഹത്തിന് തൗഫീഖു നൽകി. 1970-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലി ഥ്(റഹ്)ന്റെ ആഫ്രിക്കൻ പര്യടനവേളയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന് അദ്ദേഹം നൂറു പുതിയ അഹ്‌മദികളെയാണ് ഉപഹാരമായി സമർപ്പിച്ചത്. അതിൽ ഹു ദൂർ സന്തോഷം പ്രകടിപ്പിക്കുകയും ദുആ ചെയ്യുകയുമുണ്ടായി. പിന്നെ തന്റെ തൂവാ ലയും ബശീർ ശാദ് സാഹിബിന് നൽകി. 1970-ൽ അദ്ദേഹം തിരിച്ചു വരുമ്പോൾ ഉംറ ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. 1983-ൽ മർഹൂം സെക്രട്ടറി മജ്‌ലിസ് കാർപർദാസ് റബ്‌വയായി നിയമിക്കപ്പെട്ടു. 1984-ൽ ജമാഅത്തിനെതിരിൽ ഓർഡിനൻസ് വരി കയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നു ഹിജ്റത്തു ചെയ്യേണ്ടി വരുക യും ചെയ്തപ്പോൾ ഹിജ്റത്തിനുമുമ്പേ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി അ്ന്റെ സാനിധ്യത്തിൽ ഖുത്ബ നൽകു ന്നതിന് ഇദ്ദേഹത്തിനാണ് സൗഭാഗ്യമു ണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേ ഹത്തിന് ചരിത്രത്തിലും സ്ഥാനമുണ്ട്. 1988-ൽ അദ്ദേഹം വ്യക്തിപരമായ ചില കാരണങ്ങളാൽ ഖലീഫ റാബി അ്നോട് റിട്ടയേർഡ്മെന്റിന് അപേക്ഷിക്കുകയും അത് സ്വീകരിക്കപ്പെടുകയും ചെയ്തു. പിന്നെ അമേരിക്കയിലേക്കുപോയി. അദ്ദേഹ ത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ നസ്റീൻ അഖ്തർ ശാദ് സാഹിബയും ഒരു മകനും നാലുപെൺമക്കളുമുണ്ട്. അല്ലാ ഹു അദ്ദേഹത്തോട് കാരുണ്യത്തോടും പൊറുമയോടുംകൂടി വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും പൂർണമായ കൂറോടുകൂടി ജമാഅത്തിനോടും ഖിലാ ഫത്തിനോടും പ്രതിബദ്ധത പുലർത്താൻ തൗഫീഖു നൽകുമാറാകട്ടെ. ആമീൻ

അടുത്തതായി അനുസ്മരിക്കുന്നത് റാ ണാ മുഹമ്മദ് സിദ്ദീഖ് സാഹിബിനെ കുറിച്ചാണ്. അദ്ദേഹം സിയാൽകോട്ട് ജില്ല യിലെ മലിയാൻവാലക്കാരനായ റാണാ ഇൽമുദീൻ സാഹിബിന്റെ മകനാണ്. ഇദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* മർഹൂമിന്റെ പിതാവ് 1938-ൽ ഖാദിയാനിൽപോയാണ് ബയ്അത്ത് ചെയ് തത്. അദ്ദേഹം നമസ്കാരം നോമ്പ് തുട ങ്ങിയ കാര്യങ്ങളിൽ വളരെ ശ്രദ്ധ പുലർ ത്തിയിരുന്നു. ധാരാളം ദുആ ചെയ്യുന്നയാളും ധൈര്യവാനും ആരെയും ഭയപ്പെടാത്ത വ്യക്തിയുമായിരുന്നു. ഖിലാഫത്തിനോട് അകമഴിഞ്ഞ സ്നേഹം ഉണ്ടായിരുന്നു. കാ ലത്തിന്റെ ഖലീഫയുടെ കല്പനകൾ ക്കനുസരിച്ച് പ്രവൃത്തിച്ചിരുന്നു. തന്റെ എല്ലാ മക്കളോടും എപ്പോഴും ഖിലാഫ ത്തിനോട് സ്നേഹവും അനുസരണവും നിലനിറുത്താനും ഉപദേശിച്ചിരുന്നു. 1974-ലും 1984-ലും അദ്ദേഹത്തിനുമേൽ ജമാഅ ത്തിനോടുള്ള എതിർപ്പു നിമിത്തം വളരെ ദുഷ്കരമായ അവസ്ഥയും ഉണ്ടായിട്ടുണ്ട്. പക്ഷേ, അദ്ദേഹം വളരെ ധൈര്യമാണ് കാണിച്ചത്. സന്തപ്ത കുടുംബത്തിൽ ആറു ആൺമക്കളും രണ്ടുണ്ടപെൺമക്കളു മുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ റാണാ മുഹമ്മദ് അക്റം മുഹമ്മദ് സാഹിബ് നൈ ജീരിയായിൽ മുബല്ലിഗാണ്. കർമരംഗത്ത് ആയതതുകൊണ്ട് പിതാവിന്റെ ജനാസയി ലും ഭാഗഭാക്കാകാൻ കഴിഞ്ഞില്ല. ഇതിന് മുമ്പേ 2018-ൽ മാതാവ് മരണപ്പെട്ടപ്പോഴും പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും സ്ഥൈര്യവും ന ൽകുമാറാകട്ടെ. അല്ലാഹു മർഹൂമിനോട് കരുണയോടും പൊറുമയോടുംകൂടി വർ ത്തിക്കുമാറാകട്ടെ.

അടുത്തതായി അനുസ്മരിക്കുന്നത് ഇസ് ലാമാബാദിലെ ഡോക്ടർ മഹ്മൂദ് അഹ്മദ് ഖാജാ സാഹിബിനെ കുറിച്ചാണ്. അദ്ദേ ഹവും കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജി ഊൻ.* 78 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേ ഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യ ത്ത് സ്ഥാപിതമായത് പിതാവ് ഖാജാ മുഹമ്മദ് ശരീഫ് സാഹിബ് മുഖേന യാണ്. അദ്ദേഹം ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈകളിൽ ബയ്അത്തു ചെയ്തു. നല്ല ശുദ്ധപ്രകൃതമായിരുന്നു. കു ടുംബത്തിൽ എല്ലാവരും ജമാഅത്തിന് എതിരായിരുന്നിട്ടുപോലും അല്ലാഹു അദ്ദേ ഹത്തിന് മൂന്നു തവണ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ബയ് അത്തു ചെയ്യുന്നതിന് കല്പിച്ചു. അവസാനം അദ്ദേഹം ബയ്അത്തു ചെയ്തു. ഡോക്ടർ മഹ്മൂദ് ഖാജാ സാഹിബ് പ്രാഥമിക വിദ്യാഭ്യാസം പെശാവറിൽ നിന്നാണ് കര സ്ഥമാക്കിയത്. അതിനുശേഷം 1966-ൽ പെശാവറിലെ യൂണിവേഴ്സിറ്റിയിൽനിന്നു കെമിസ്ട്രിയിൽ ഒടര കരസ്ഥമാക്കി. 1973-ൽ ഓസ്ട്രേലിയായിലെ മെൽബണിളിലുള്ള 'ലാ റ്റെർബെ'(La Trobe) യൂണിവേഴ്സിറ്റിയിൽ നിന്നു ജവറ എടുത്തു. പാകിസ്താനിലും പുറത്തും വ്യത്യസ്ത യൂണിവേഴ്സിറ്റിയിൽ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 05 May 2022 Issue-18

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

പഠിപ്പിച്ചുകൊണ്ടിരുന്നു. ഘാനയിലെ കേപ് കോസ്റ്റ്(Cape Coast) യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്നു. അവിടെനിന്നാണ് ഞാനുമായി പരിചയപ്പെടുന്നത്. വളരെ സാദാ പ്രകൃതവും വിനയാന്വിതനും നിസ്വാർഥനുമായിരുന്നു. വളരെ നല്ല റിസർച്ച് സ്കോളറുമായിരുന്നു. പാകിസ്താനിലും പുറത്തും അദ്ദേഹം വളരെയേറെ റിസർച്ച് സ്കോളർ എന്ന നിലക്ക് ആദരിക്കപ്പെട്ടിരുന്നു. ചൗദ്ദരി ഇക്റാമുല്ലാഹ് സാഹിബിന്റെ മകൾ അമത്തുൽ ഖയ്യൂം സാഹിബയെയാണ് വിവാഹം കഴിച്ചത്. അദ്ദേഹത്തിന് ഒരു മകളും ഒരു മകനുമുണ്ട്. ഡോക്ടർ മഹ്മൂദ് ഖ്വാജാ സാഹിബിന് നുസ്റത്ത് ജഹാൻ സ്കീമിന് കീഴിൽ 1979 മുതൽ 84 വരെ സിയറ ലിയോണിൽ തന്റെ ഭാര്യയോടപ്പം വഖ്ഫു ചെയ്ത് സേവനത്തിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ ഡോക്ടർ ത്വാരിഖ് ഖ്വാജാ സാഹിബ് പറയുന്നു: റമളാനിൽ പ്രത്യേകിച്ചും വിശുദ്ധ ഖുർആൻ തർജുമയോടുകുടി വളരെ ശ്രദ്ധാപൂർവം ആഴത്തിൽ പാരായണം ചെയ്തിരുന്നു. അല്ലാഹുവിന്റേയും റസൂലിന്റേയും ഖലീഫയുടേയും വാക്കുകൾ അതെപോലെതന്നെ വിവരിക്കുന്നതിനും ചെറിയ തെറ്റിൽനിന്നുപോലും തെറ്റായ അർഥം ഉണ്ടാകാൻഇടയുണ്ടെന്നുംവളരെശക്തിയായി പറഞ്ഞിട്ടുണ്ടായിരുന്നു. ഇസ്ലാമാബാദ് ജില്ലാ അമീർ അബ്ദുൽ ബാരി സാഹിബ് എഴുതുന്നു: എനിക്കും ഖ്വാജാ സാഹിബിനും നുസ്റത്ത് ജഹാൻ പദ്ധതിക്കു കീഴിൽ സിയറ ലിയോണിൽ സേവനത്തിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. പാകിസ്താനിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം ആദ്യം സർക്കാർ സ്ഥാപനങ്ങളിൽ ജോലി നോക്കി. പിന്നെ ഇസ്ലാമാബാദിലേക്കു മാറി. അവിടെ SDPI ൽ പ്രവേശിച്ചു. അദ്ദേഹം ഈ വകുപ്പിൽ വളരെ സ്വീകാര്യനായിരുന്നു. വളരെ പ്രസിദ്ധനായിരുന്നിട്ടു പോലും ഏറെ ആത്മാർഥതയോടെയാണ് ജോലി ചെയ്തത്. അദ്ദേഹം ഭക്ഷണ സാധനങ്ങൾ ഒഴിവാക്കുന്ന സംവിധാനവും മറ്റു സാധനങ്ങൾ സൗന്ദര്യവർധക സാധനങ്ങളിൽ ഭയാനകമായ കെമിക്കലുകൾ ഇല്ലാതാക്കുന്നതിനെ സംബന്ധിച്ചുമുള്ള പ്രവർത്തനങ്ങളിലായിരുന്നു. ഈ ജോലിയിൽ അന്താരാഷ്ട്ര തലത്തിൽ വളരെ പ്രസിദ്ധനായിത്തീർന്നു. ഇതു സംബന്ധിച്ച് നിരവധി പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ബാരി സാഹിബ് പറയുന്നു: അദ്ദേഹം ഏതു പുസ്തകം എഴുതിയാലും അതിന്റെ ഒരു കോപ്പി എനിക്കയച്ചിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ നിരവധി പുസ്തകങ്ങൾ എന്റെ പക്കലുണ്ട്. വളരെ ആത്മാർഥതയുള്ള അഹ്മദിയായിരുന്നു. എപ്പോഴും ഖുദ്ദാമിന് ശിക്ഷണം നൽകുമ്പോൾ അവരുടെ ദൗർബല്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു.

ഖ്വാജാ സാഹിബിനെ കുറിച്ച് പാകിസ്താനു പുറമെ ജർമനി സ്വീഡൻ ബുർക്കിനാഫാസോ അസർബൈജാൻ അമേരിക്ക സ്വിറ്റ്സർലാന്റ് നൈജീരിയ ഈജിപ്ത് ബഹ്റൈൻ തുടങ്ങി നിരവധി രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാരും രാഷ്ട്ര മന്ത്രാലയങ്ങളുടെ പ്രതിനിധികളും യൂണിവേഴ്സിറ്റിയുടെ ചാൻസലർമാരും പ്രൊഫസ്സർമാരും പൊതു സമൂഹത്തിലെ NGO കളുടെ പ്രസിഡന്റുമാരും അനുശോചന സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. അവരുടെ നിരവധി സന്ദേശങ്ങൾ വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ മക്കൾ എനിക്കും അത് അയച്ച് തന്നിട്ടുണ്ട്. ഉദാഹരണമായി ഒന്ന് രണ്ടു സന്ദേശങ്ങൾ കേൾപ്പിക്കാം.

അമേരിക്കയിലെ വാഷിംഗ്ടൺ ഡിസിയിലുള്ള വേൾഡ് ലൈസൻസ് ഫോർ മെർക്കുറി പ്രീ ഡിസ്റ്റൻസറിയുടെ പ്രസിഡന്റ് മിസ്റ്റർ ചാൾസ് ജി ബ്രൗൺ (Charles G Brown) എഴുതുന്നു: ഡോക്ടർ മഹ്മൂദ് ഖ്വാജാ വളരെ വ്യത്യസ്തനായ പണ്ഡിതനും വളരെ സാമൂഹിക പ്രവർത്തകനുമായിരുന്നു. ആധുനിക ശാസ്ത്രത്തിലും വിഷ പദാർത്ഥങ്ങളിലും അദ്ദേഹത്തിന്റെ വിലയേറിയ ശാസ്ത്ര പ്രബന്ധങ്ങൾ സ്കോളർഷിപ്പിന്റെ പുരോഗതിക്കും സർക്കാരിന്റേയും മറ്റു തനതു വകുപ്പുകളുടെയും പ്രവർത്തനങ്ങളുടെ അടിസ്ഥാനം മെച്ചപ്പെടുത്തുന്നതിനും വളരെ പ്രധാനപ്പെട്ടവയാകുന്നു. അന്താരാഷ്ട്ര സംഘടനകൾ മുഖേന പ്രവർത്തിക്കുന്ന അദ്ദേഹത്തിന്റെ പതിറ്റാണ്ടുകൾ പരന്നു കിടക്കുന്ന പ്രവർത്തനങ്ങൾ സമൂഹങ്ങൾക്കിടയിൽ ഉടമ്പടികളെ പ്രവർത്തന രൂപത്തിൽ കൊണ്ടുവരുന്നതിന് പൊതു സമൂഹത്തിനിടയിൽ പരസ്പര ധാരണ ഉണ്ടാക്കുന്നതിനും പാകിസ്താനിലെ വിഷലിപ്തമായ അന്തരീക്ഷത്തെ ഇല്ലാതാക്കാനും സഹായിക്കുന്നതാണ്. അദ്ദേഹത്തിന് 2019-ൽ ബി.ബി.സിയുടെ THE PACIFIC BASIN CONSORTIUM FOR ENVIRONMENT AND HEALTH CHAIRMAN എന്ന അവാർഡുകിട്ടി. ഡോക്ടർ മഹ്മൂദ് സാഹിബിന്റെ പ്രവർത്തനങ്ങളിൽ അന്താരാഷ്ട്ര വൈദ്യസംഘത്തിന്റെ പ്രസിഡന്റ് സ്ഥാനവും ഉൾപ്പെടുന്നു. ഇതേവരെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാരിൽ ഫിസിഷ്യൻ അല്ലാത്ത ഡോക്ടർ ഇദ്ദേഹമായിരുന്നു. അദ്ദേഹം PhD ഡോക്ടറായിരുന്നു. ഇതുപോലെ വേറെയും നിരവധി ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തെ പ്രകീർത്തിച്ചിട്ടുണ്ട്. അതിൽ ജർമനിയിലെയും SWITEZERLANDലേയും ഡോക്ടർമാരും ഉൾപ്പെടുന്നു. അല്ലാഹു മർഹൂമിനോട് കാരുണ്യത്തോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. സന്തപ്ത കുടുംബത്തിന് ക്ഷമ നൽകുകയും അദ്ദേഹത്തിന്റെ നന്മകളെ തുടർന്ന് കൊണ്ടുപോകാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

**(തർജമ: മൗലവി എച്ച്.ശംസുദ്ദീൻ കാവശേരി, ടൈപ്പ് സെറ്റിംഗ്: പി.എം.വസിം അഹ്മദ്, ചേലക്കര)**

**പേജ് 1 ൽ നിന്ന്**

തുറക്കപ്പെടുന്നു. അദൃശ്യമായ രഹസ്യങ്ങളെ കുറിച്ച് അറിയിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ഇൽഹാമുണ്ട്:

**'ഫിർ ബഹാർ ആയി.**
**ഖുദാ കി ബാത്ത് ഫിർ പൂരീ ഹുയി.'**

വീണ്ടും വസന്തകാലം വന്നു. അല്ലാഹു പറഞ്ഞ കാര്യം പുലർന്നു. ഇതിലും അതേ ശീലപ്രവൃത്തിയുടെ കാര്യമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു ഒരിക്കൽ വസന്തകാലത്ത് തന്റെ കാരുണ്യത്തിന്റെ അടയാളം കാണിച്ചിരുന്നു. അതുകൊണ്ട് പിന്നീട് വസന്തകാലം വരുമ്പോൾ അല്ലാഹുവിന്റെ റഹ്മത്ത് പറയുന്നു: ഇനി എന്റെ ദാസൻ എന്തായിരിക്കും പറയുക! അതുകൊണ്ട് നാം വീണ്ടും നമ്മുടെ തേജോവിലാസം കാണിക്കുകയാണ്. ദാസന്മാർ ഇതിൽനിന്ന് ഫലമെടുക്കകയാണെങ്കിൽ പിന്നീട് അടുത്ത വസന്തകാലത്ത് അതേ ഇനാം ഇറങ്ങുന്നു. അതുകൊണ്ട് ദൈവവചനത്തെ മരമായി സങ്കല്പിക്കുകയാണെങ്കിൽ ശീലപ്രവൃത്തിയുടെ സാദൃശ്യരൂപമായ ദൈവത്തിന്റെ സ്വിഫത്ത് അഥവാ വിശേഷഗുണം എല്ലാ റമളാനിലും അവനെ ശക്തമായി കുലുക്കുകയും അതിൽനിന്ന് മുഅ്മിനീങ്ങൾക്ക് പുതിയ പഴം കിട്ടുകയും ചെയ്യുന്നു.

പിന്നീട് നോമ്പിൽനിന്ന് ഈ രീതിയിലും ആത്മീയാഭിവൃദ്ധി ഉണ്ടാകുന്നു. അതായത് മനുഷ്യൻ അല്ലാഹുവിനുവേണ്ടി അശനപാനീയങ്ങൾ ഉപേക്ഷിക്കുമ്പോൾ അതിന്റെ അർഥം അല്ലാഹുവിനുവേണ്ടി അവന്റെ വഴിയിൽ മരിക്കാൻ തയ്യാറാണെന്നാണ്. തന്റെ ഭാര്യയിൽനിന്ന്, പ്രത്യേകമാക്കപ്പെട്ട ബന്ധങ്ങളിൽനിന്ന് അകന്നുനില്ക്കുമ്പോൾ അത് പ്രകടിപ്പിക്കുന്നത് അവന്റെ വഴിയിൽ തന്റെ സന്താനങ്ങളേയും ത്യാഗം ചെയ്യാൻ തയ്യാറാണെന്നാണ്. നോമ്പുകളിൽ ഈ രണ്ടുതരത്തിലുള്ള മാതൃകകൾ അവൻ സമർപിക്കുമ്പോൾ അവൻ അല്ലാഹുവിന്റെ 'ലിഖാ'യ്ക്ക് അർഹനായിത്തീരുന്നു. അല്ലാഹുവുമായി ബന്ധം സ്ഥാപിതമാകുകയും ആത്മീയത ശക്തിപ്രാപിക്കുകയും ചെയ്യുന്ന കാരണത്താൽ ആ വ്യക്തി എന്നെന്നേക്കുമായി വഴികേടിൽനിന്ന് സുരക്ഷിതനായിത്തീരുന്നു.' *(തഫ്സീറെ കബീർ വാള്യം 2, പേജ് 379, ഖാദിയാൻ എഡിഷൻ 2010)*

## 127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127 - ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. *(നാള്വിർ ഇസ്വ്ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin